# 9

# മനോഗുണങ്ങൾ

## (5:1-12)

മത്തായി തന്റെ സുവിശേഷ വിവരണത്തിൽ ആദ്യത്തെ ഉപദേശഭാഗമായിട്ടാണ്, മലമ്പ്രസംഗം കൊടുത്തിരിക്കുന്നത് (അദ്ധ്യാ. 5–7). അതിൽകൂടെ യേശു ആണ് യിസ്രായേലിന്റെ അന്തിമ ഗുരു എന്നും അവൻ കാണിക്കുന്നു. അവന്റെ വാക്കുകൾ ആധികാരികവും നിത്യമായ അനന്തരഫലങ്ങളുള്ളവയുമാണ് (7:21–29). ധാർമ്മികമായ വഴികളിൽനിന്നും വിദൂരമായ കാഴ്ച്ചപ്പാടോടെയാണ് ഈ പ്രസംഗം രേഖപ്പെടുത്തിയിരിക്കുന്നത്. നിത്യജീവൻ പ്രാപിക്കുന്ന എല്ലാവരുടെമേലും യേശുമശിഹാക്കുള്ള അധികാരത്തെയാണ് അത് കാണിക്കുന്നത്.[1]

അനുപേക്ഷികമായിട്ടല്ല പ്രസംഗം ആരംഭിക്കുന്നത്, മറിച്ച് മനോഗുണങ്ങളോടെയാണ്. പിന്നെ അത് പരീശന്മാരുടെയും, ശാസ്ത്രിമാരുടേയും നീതിയെ കവിയുന്ന നിലവാരത്തിലേക്ക് ഉയരുന്നു, എന്നാൽ അവയൊന്നും കൃപയിൽനിന്നു വിട്ടുപോയിട്ടുമില്ല.[2] അതു വിശുദ്ധവും ഉയർന്നതുമാകുന്നു, അതേസമയം അതു പ്രായോഗികമായി ചെയ്യാവുന്നതാണ്. യേശുവിന്റെ ആധികാരികമായ ഉപദേശങ്ങൾ - അതിൽ ചുരുക്കി നൽകിയിരിക്കുന്നത് - മഹത്തായ ആജ്ഞയുടെ പ്രതീക്ഷ ഉണർത്തുന്നതിനാണ്, അവൻ അവസാനം ശിഷ്യന്മാർക്ക് കൊടുത്ത ചുമതല, സകല ജാതികളെയും ശിഷ്യരാക്കുവാനും, അവൻ കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിക്കുവാനുമായിരുന്നു (28:18–20).

മലമ്പ്രസംഗത്തിന്റെ ശരിയായ ബാഹ്യരൂപം തയ്യാറാക്കുക പ്രയാസമാണ്. എങ്ങനെയായാലും, പ്രസംഗത്തിന്റെ മുഖ്യഭാഗം "ന്യായപ്രമാണവും," "പ്രവാചകന്മാരും" എന്നു പറയാം (5:17; 7:12). താഴെ കൊടുത്തിരിക്കുന്ന ബാഹ്യരൂപരേഖ യേശു അവതരിപ്പിച്ചതിന്റെ ഒരു ചിത്രം നൽകുന്നതാണ്.[3]

I. മുഖവുര (5:3–16)
   - ഏ. മനോഗുണങ്ങൾ (5:3–12)
   - ബി. ഉപ്പും വെളിച്ചവും (5:13–16)

II. മുഖ്യഭാഗം (5:17–7:12)
   - ഏ. പഴയതും പുതിയതുമായ നീതി (5:17–48)
   - ബി. ബാഹ്യമായ നീതിയിൽനിന്നു വ്യത്യസ്തമായ ആന്തരികമായ നീതി (6:1–18)
   - സി. ദൈവത്തിലുള്ള ആശ്രയം (6:19–34)
   - ഡി. വിവിധ ഉപദേശങ്ങളും സുവർണ്ണനിയമവും (7:1–12)

III. ഉപസംഹാരം (7:13–27)
   - ഏ. രണ്ടു വഴികൾ (7:13, 14)
   - ബി. തെറ്റായതും ശരിയായതും (7:15–23)
   - സി. രണ്ടു നിർമ്മാതാക്കളുടെ ഉപമ (7:24–27)

മത്തായിയിലെ മലമ്പ്രസംഗവും ലൂക്കൊസിലെ സമതലപ്രസംഗവും തമ്മിൽ താരതമ്യം നടത്താവുന്നതാണ് (ലൂക്കൊ. 6:17-49). ഈ രണ്ടു പ്രസംഗങ്ങളും ഒന്നാണെന്നും ലൂക്കൊസ് മലമ്പ്രസംഗത്തെ ചുരുക്കി പറഞ്ഞതാണ് എന്നും ഒരു കാഴ്ച്ചപ്പാട്. ഉള്ളടക്കത്തിലെ സമാനത, ഭാഷ, ക്രമം എന്നിവ നോക്കിയാണ് അങ്ങനെ കാണുന്നത്.[4] വ്യത്യസ്ത സാഹചര്യത്തിൽ നടത്തിയ പ്രത്യേകമായ രണ്ടു പ്രസംഗങ്ങളായിരുന്നു എന്നതാണ് മറ്റൊരു കാഴ്ച്ചപ്പാട്. അവ രണ്ടും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. ഉദാഹരണമായി, രണ്ട് പ്രസംഗങ്ങളും വിവരിച്ചിരിക്കുന്ന രീതി വ്യത്യാസമുള്ളതാണ്: "മലമേൽ" (5:1) അതിൽനിന്നു വ്യത്യസ്തമായി "സമതലത്തിൽ" (ലൂക്കൊ. 6:17). അതിനു പുറമെ, ലൂക്കൊസിന്റെ പ്രസംഗവിവരണത്തിൽ കുറച്ചു മനോഗുണങ്ങളും (ചില വാക്കുകൾ വ്യത്യസ്തമാണ്), അതിൽ കഷ്ടതകളും ഉൾപ്പെടുത്തിയിട്ടുണ്ട് (ലൂക്കൊ. 6:20-26) മത്തായിയുടെ പ്രസംഗത്തിൽ അതില്ല.

രണ്ടു പ്രസംഗങ്ങളും താരതമ്യം ചെയ്തു ജാക് പി. ലൂയിസ് ഈ പ്രസ്താവനകൾ നടത്തി:

1. മനോഗുണങ്ങളോടും നിർമ്മാതാക്കളുടെ ഉപമയോടുംകൂടെയാണ് (5:3-12; ലൂക്കൊ. 6:20-22) രണ്ടു പ്രസംഗങ്ങളും തുടങ്ങുന്നത് (7:24-27; ലൂക്കൊ. 6:47-49).
2. മത്തായിയുടെ പ്രസംഗം (107 വാക്യങ്ങൾ) ലൂക്കൊസിന്റേതിനേക്കാൾ (30 വാക്യങ്ങൾ) നീളമുള്ളതാണ്.
3. ലൂക്കൊസിന്റെ മിക്ക പ്രസംഗങ്ങളും മത്തായിയുടെ പ്രസംഗത്തിൽ കാണാം.
4. മത്തായിയുടെ സുവിശേഷത്തിലെ പ്രസംഗത്തിലുള്ള പലതും ലൂക്കൊസിന്റെ സുവിശേഷത്തിൽ ചിതറി കിടക്കുന്നു (അദ്ധ്യാ. 11, 12, 13, 14, 16).
5. മത്തായിയിലെ പ്രസംഗം പന്തിരുവരെ തിരഞ്ഞെടുക്കുന്നതിനു മുമ്പായിട്ടാണ് കാണപ്പെടുന്നത് (10:1-4), എന്നാൽ ലൂക്കൊസിന്റെ പ്രസംഗം ആ സംഭവത്തിനു ശേഷമായി കാണപ്പെടുന്നു (ലൂക്കൊ. 6:12-16).[5]

മത്തായിയിലെയും ലൂക്കൊസിലേയും പ്രസംഗങ്ങൾ വേറിട്ട സമയങ്ങളിൽ നടന്നിരിക്കുവാനാണ് കൂടുതൽ സാധ്യത. എങ്ങനെയായാലും, യേശു വിവിധ രീതിയിലുള്ള സദസുകളോട് സംസാരിച്ചിട്ടുള്ളതിനാൽ, അടിക്കടി അവൻ പ്രസംഗങ്ങൾ ആവർത്തിച്ചിരിക്കുവാനും സാധ്യതയുണ്ട്. മത്തായിയും ലൂക്കൊസും വിവരിക്കുന്നത് ഒരേ പ്രസംഗം ആകുവാനും സാധ്യതയുണ്ടെന്നു വീണ്ടും പറയട്ടെ - മത്തായി ഊന്നൽ നൽകുന്നത് മലമേലുള്ള പ്രസംഗത്തിനും ലൂക്കൊസ് ഊന്നൽ നൽകുന്നത് മലയിലെ സമതലപ്രദേശത്തിനുമാണ് എന്നു വ്യക്തം. എന്തു സംഭവിച്ചാലും, ഓരോ എഴുത്തുകാരനും അവന്റേതായ ശൈലി തന്റെ സുവിശേഷ വിവരണത്തിൽ കാണുന്നു. മത്തായി തന്റെ യെഹൂദ സദസിന് ന്യായപ്രമാണത്തെ ഊന്നി വിവരിക്കുകയാണ്, അതിൽ ചിലതു ലൂക്കൊസിലും കാണാം. എന്നാൽ ലൂക്കൊസ് വിവരിക്കുന്നത് തന്റെ ജാതികളായ സദസിനു പ്രയോജനപ്പെടുന്നവിധത്തിലാണ്.[6]

യേശു തന്റെ പ്രസംഗത്തിന്റെ ഉപക്രമമായിട്ടാണ് മലമ്പ്രസംഗത്തിൽ

ആരംഭിക്കുന്നത് - ആധികാരികമായ നീതിയെയും, ഭാഗ്യകരമായ അവസ്ഥ യെയും അവൻ എടുത്തു കാണിക്കുന്നു. ഇന്നു കാണുന്ന കാഴ്ച്ചപ്പാടുകളിൽനി ന്ന് തികച്ചും എതിരായതായിരുന്നു യേശുവിന്റെ സമീപനം. “മനോഗുണങ്ങൾ” എന്നറിയപ്പെടുന്ന യേശുവിന്റെ ഉപദേശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതാ ണ് ആവശ്യമായ നീതി. *ബീയാറ്റിടുഡോ* എന്ന ലാറ്റിൻ വാക്കിൽനിന്നാണ് നമുക്ക് ബിയാറ്റിടൂഡ് എന്ന വാക്ക് കിട്ടിയത്. അത് നമ്മെ ഗ്രീക്കു വാക്കായ *മകാരിയോസ്* എന്നതിലേക്കു നയിക്കുന്നു, അർത്ഥം “ഭാഗ്യം” “സന്തോഷം,” “അനുഗ്രഹം” എന്നാണ്.

ഈ പന്ത്രണ്ടു വാക്യങ്ങളിൽ *മകാരിയോസ്* എന്ന വാക്ക് ദൈവപ്രസാദം ലഭിക്കുന്ന നീതി മനുഷ്യനിലുണ്ടാകുവാൻ യേശു ഒമ്പതു പ്രാവശ്യം ഉപ യോഗിച്ചിട്ടുണ്ട്. “ബ്ലെസ്ഡ്” എന്ന വാക്ക് എപ്പോഴും ബഹുവചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നതു, ദൈവഭക്തിയുള്ള ഒരാൾക്ക് ലഭിക്കുന്ന പൂർണ്ണമായ അനുഗ്രഹത്തെയാകാം അതു സൂചിപ്പിക്കുന്നത്. സ്വഭാവമേന്മയുള്ള ഒരാൾക്ക് വാഗ്ദത്തത്തോടുകൂടിയ ഉയർന്ന സ്ഥിതിയാണ് അത്.

നാം ആ മനോഗുണങ്ങളിൽ കണ്ടതുപോലെ, നീതിയുള്ള ജീവിതത്തിന്റെ ഉപ-ഉൽപന്നമായി ലഭിക്കുന്നതാണ് വാസ്തവത്തിലുള്ള ഭാഗ്യം. ആ ആത്മിയ സന്തോഷം ഒരാളുടെ ജീവിതത്തിൽ നിരാശയുള്ളപ്പോഴും തൃപ്തി ലഭിക്കുന്നു (ഫിലി. 4:11, 12; 1 തിമൊ. 6:6-11).[7]

## മുഖവുര (5:1, 2)

**[1]യേശു പുരുഷാരത്തെ കണ്ടാറെ, മലമേൽ കയറി. അവൻ ഇരുന്ന ശേഷം ശിഷ്യന്മാർ അടുക്കൽ വന്നു. [2]അവൻ തിരുവായ്മൊഴിഞ്ഞു അവ രോടു ഉപദേശിച്ചതെന്തെന്നാൽ.**

**വാക്യം 1, 2. യേശു ... മലമേൽ കയറി.** “മല” എന്നതിന് ഗ്രീക്ക് വാക്ക് ഉപയോഗിച്ചിരിക്കുന്നത് താരതമ്യേന ഉയർന്ന പ്രദേശമാണെന്നു മനസിലാ ക്കണം (14:23; 15:29 നോക്കുക). മൂന്നാമത്തെ പരീക്ഷണവും (4:8) മറുരൂപ വും (17:1) മഹത്തായ ആജ്ഞയുമടക്കം (28:16) പല സംഭവങ്ങളും മലമേൽ നടക്കുന്നുണ്ട്.

പഴയനിയമം സ്ഥാപിക്കുന്നതിനു മോശക്ക് സീനായ് പർവ്വതത്തിൽ വെച്ച് ന്യ ായപ്രമാണം നൽകുന്നതും (പുറ. 19-24), പുതിയനിയമത്തിന്റെ ഒരുക്കത്തിനാ യി യേശു മലമേൽ കയറുന്നതുമായി വേദഭാഗം സമാനത നൽകുന്നുണ്ടോ? ആ ആശയം വ്യക്തമല്ലെങ്കിലും, മോശെ പ്രവചിച്ച “പ്രവാചകനാണ്” യേശു എന്നും അവന്റെ വാക്കുകൾ അനുസരിക്കേണ്ടതാണ് എന്നും പറഞ്ഞതിനോട് ഒക്കുന്നു (ആവ. 18:15, 18; പ്രവൃത്തികൾ 3:22, 23; 7:37; യോഹ. 6:14; 7:40).

യേശുവിന്റെ പ്രസംഗം നടന്നതായി പല സ്ഥലങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ഒന്നിനെ “കാർണെ ഹിറ്റിം,” അതായത്, “ദ ഹോൺസ് ഓഫ് ഹാറ്റിൻ,” എന്നു വിളിക്കുവാൻ കാരണം അത് ഇരട്ടക്കുന്നാണ്. ആ സ്ഥലം വാസ്തവത്തിൽ തിബര്യാസിനടുത്തുള്ള ഇല്ലാതായ അഗ്നിപർവ്വതത്തിനടുത്തായിരുന്നു. ആ ഭൂപ്രകൃതിയെ ഫ്രാങ്ക് എൽ. കോക്സ് ഇങ്ങനെ വിവരിച്ചിരിക്കുന്നു:

> സമുദ്രനിരപ്പിൽനിന്ന് ഏതാണ്ട് ആയിരം അടി ഉയരത്തിൽ "അടുത്ത ഉയർന്ന മലകളിൽനിന്നു വ്യത്യസ്തമായി രണ്ടു മലകളുടെ മുകൾഭാഗം, കൊമ്പുകൾ പോലെ പൊങ്ങി നിൽക്കുന്നതിനാൽ താഴെ പുൽപ്പരപ്പുള്ള തിനാൽ സമതലം പോലെയുള്ളതാകയാൽ വളരെ യധികം പേർക്ക് നിരന്നിരുന്നു ഒരാളുടെ ശബ്ദം ശ്രവിക്കാവുന്ന പ്രതലമാണ്."[8]

ഗലീലാക്കടലിന്നു വടക്ക് കഫർന്നഹൂമിനും താഭാക്കും ഇടക്കുള്ള സ്ഥലം ആയിരിക്കാനാണ് കൂടുതൽ സാധ്യത. ഇന്ന് അതിനെ "മനോഗുണങ്ങളുടെ കുന്ന്" എന്നാണ് അറിയപ്പെടുന്നത്. യേശു നൽകിയ പ്രസംഗത്തിന്റെ ഓർമ്മ യായി, പർവ്വതത്തിനരികിൽ ഒരു ചാപ്പൽ സ്ഥിതി ചെയ്യുന്നുണ്ട്.

കൃത്യമായും എവിടെ വെച്ചാണ് യേശു പ്രസംഗിച്ചത് എന്ന് ആർക്കും അറിയുകയില്ലെങ്കിലും, അത് തീർച്ചയായും ഗലീലാക്കടലിനടുത്തായിരിക്കും. അത് എവിടെ വെച്ചു പ്രസംഗിച്ചു എന്ന അറിവ് നമുക്കില്ലെങ്കിലും, പറഞ്ഞ തെന്താണെന്ന് മത്തായി ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു.

യേശു കുന്നിനരികിൽ **ഇരുന്നു**. യെഹൂദ റബ്ബിമാർ ഇങ്ങനെയായിരുന്നു പരമ്പരാഗതമായി പഠിപ്പിച്ചിരുന്നത് (13:2; 23:2; 24:3; 26:55). **ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു**. "ശിഷ്യന്മാരും" **പുരുഷാരവും** തമ്മിലുള്ള യഥാർത്ഥ ബന്ധം അജ്ഞാതമാണ്. യേശു സംസാരിച്ചു തീർന്ന *ശേഷമാണ്* പുരുഷാരം അവിടെ സന്നിഹിതരായത് എന്നാണ് നാം തീർച്ചപ്പെടുത്തുന്നത് (7:28, 29).

മലയിൽ വെച്ച് പന്ത്രണ്ട് അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തശേഷം യേശു പ്രസംഗിച്ചതായാണ് ലൂക്കൊസ് വിവരിച്ചിരിക്കുന്നത് (ലൂക്കൊ. 6:12-16). അവർ മലയിൽനിന്നു യേശുവിനോടുകൂടെ ഇറങ്ങി "സമഭൂമിയിൽ" നിന്നു, അവിടെ, "അവന്റെ ശിഷ്യന്മാരുടെ കൂട്ടവും,"[9] "യെഹൂദ്യയിൽ എല്ലാടത്തുനിന്നും, യെരുശലേമിൽനിന്നും, സോർ, സീദോൻ എന്നീ സമുദ്ര തീരങ്ങളിൽനിന്നും അവന്റെ വചനം കേൾപ്പാനും, രോഗശാന്തി കിട്ടുവാനും വന്ന ബഹുപുരുഷാരവും ഉണ്ടായിരുന്നു" (ലൂക്കൊ. 6:17).

എല്ലാവരും കൂടിവന്നപ്പോൾ, **യേശു തിരുവായ്മൊഴിഞ്ഞു പറഞ്ഞു തുടങ്ങി**. ഏകവും വിശുദ്ധവുമായ പ്രസംഗമായിരുന്നു എന്നാണ് മത്തായി പറയുന്നത് (പ്രവൃത്തികൾ 8:35; 10:34). ഡഗ്ലസ് ആർ.ഏ ഹെയർ പറഞ്ഞു, "അവൻ രാജാവിനെ പോലെ സിംഹാസനത്തിൽ ഇരുന്നു, രാജകിയ കോട തിയിൽ പ്രജകൾ ഇരിക്കുന്നതുപോലെ അവന്റെ ശിഷ്യന്മാർ ഇരുന്നു. തന്റെ രാജ്യത്തിലെ പ്രജകളുടെ ജീവിതം എങ്ങനെ ആയിരിക്കുമെന്ന് രാജാവ് തന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞു തുടങ്ങി."[10]

യേശുവിന്റെ ആ വാക്കുകൾ, പുതിയനിയമത്തിന്റെ "മാഗ്നാകാർട്ട" ആയിട്ടാണ് അറിയപ്പെടുന്നത്.[11] പുതിയനിയമത്തിൽ പഠിപ്പിച്ച ആ തത്വങ്ങളെല്ലാം ക്രിസ്തീയ ജീവിതം നയിക്കുന്ന എല്ലാ തലമുറക്കാർക്കുമുള്ളതാണ്. അവന്റെ വാക്കുകൾ അനുസരിക്കുകയാണെങ്കിൽ, ഈ ജീവിതത്തിൽ തന്നെ അന്തിമ മായ ഭാഗ്യം ലഭിച്ചുതുടങ്ങും.

## ആത്മാവിൽ ദരിദ്രരായവർ (5:3)

**3"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവർക്കുള്ളത്."**

**വാക്യം 3. ദരിദ്രം** എന്നതിന്റെ ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് അഗതിയായി മറ്റുള്ളവരെ ആശ്രയിക്കുന്ന എന്നാണ്. നീതിമാന്മാരായ ദരിദ്രരെ ദുഷ്ടന്മാരായ ധനികന്മാർ ഞെരുക്കുന്നതായി സങ്കീർത്തനങ്ങളിൽ ഉടനീളം പറഞ്ഞിരിക്കുന്നു; അങ്ങനെ പ്രതിസന്ധിയിലായവരെ ദൈവം അതിൽനിന്നു വിടുവിക്കുമെന്നും പറഞ്ഞിരിക്കുന്നു.[12] മറിയയുടെ പാട്ടിലും അതേ വിഷയം പറയുന്നു, എളിയവരോടും ദരിദ്രരോടും ദൈവം കൃപ കാണിക്കയും, ധനികരെ അവൻ വെറുംകയ്യോടെ അയക്കുകയും ചെയ്യും (ലൂക്കൊ. 1:46–55). "ഞാൻ ദരിദ്രരോട് സുവിശേഷം അറിയിപ്പാനും," "ബദ്ധന്മാർക്ക് വിടുതൽ നൽകുവാനും" വന്നിരിക്കുന്നു എന്നു പറഞ്ഞതു പ്രവചന നിവർത്തീകരണമായിരുന്നു (ലൂക്കൊ. 4:18; യെശ. 61:1 നോക്കുക). പുതിയനിയമകാലത്ത് ദരിദ്രരെ ദൈവത്തിൽ ആശ്രയിപ്പാനായി വിട്ടിരുന്നു. നീതിമാന്മാരായ ദരിദ്രന്മാരെ ദൈവം പ്രത്യേകമായി കരുതുമെന്ന് പ്രവാചകന്മാരും മറ്റും പറഞ്ഞിരുന്നു.[13] ആ ചിന്ത മനസിൽ വെച്ച്, അയോഗ്യരായവരെ "ദരിദ്രന്മാരായവർ" എന്ന് ലൂക്കൊസിന്റെ വിവരണത്തിൽ പറഞ്ഞിരിക്കുന്നതിൽ അതിശയിക്കുവാനില്ല. (ലൂക്കൊ. 6:20).

ലൂക്കൊസിൽനിന്നു വ്യത്യസ്തമായി മത്തായി **ആത്മാവിൽ** എന്നുകൂടെ ചേർത്തിരിക്കുന്നു. തന്റെ ആത്മിയാവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്ത ഉറവിടത്തെ തിരിച്ചറിയുന്ന അവസ്ഥയാണ് ആത്മിയ ദാരിദ്ര്യം. സങ്കീർത്തനക്കാരൻ എഴുതി, "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല ..." (സങ്കീ. 51:17). പ്രാർത്ഥനയിൽ സ്വയ-നീതീകരണമുള്ള പരീശന്റേയും എളിമയുള്ള ചുങ്കക്കാരന്റേയും ഉപമ യേശു പറഞ്ഞിരിക്കുന്നു. പരീശൻ തന്നെത്തന്നെ പുകഴ്ത്തിയാണ് പ്രാർത്ഥിക്കുന്നത്, ചുങ്കക്കാരനോ, മാറത്തടിച്ചു കരഞ്ഞു, "ദൈവമേ പാപിയായ എന്നോട് കനിവുണ്ടാകേണമേ." (ലൂക്കൊ. 18:9–14). വെളിപ്പാട് 3:17-ൽ സ്വയപര്യാപ്തതയും, സ്വയ-നീതീകരണവും വെച്ചുപുലർത്തിയ ലവൊദിക്യയിലെ ക്രിസ്ത്യാനികളെ യേശു ശാസിക്കയുണ്ടായി. അവൻ പറഞ്ഞു, "ഞാൻ ധനവാൻ സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിനും മുട്ടില്ല, എന്നു പറഞ്ഞുകൊണ്ട്. നീ നിർഭാഗ്യനും, അരിഷ്ടനും, കുരുടനും, ദരിദ്രനും നഗ്നനും എന്നു അറിയാതിരിക്കുന്നു" അഹങ്കാരവും സ്വയ-നീതീകരണവും നിറഞ്ഞിരിക്കുന്നതിന്റെ വിപരീതമാണ് "ആത്മാവിൽ ദരിദ്രരായിരിക്കുക" എന്നത്. അത് ആത്മാവിൽ എളിമപ്പെടുക എന്നതാണ്. അത് യേശു പഠിപ്പിക്കുന്ന മനോഗുണങ്ങളിൽ ആദ്യം വരുന്നു, കാരണം അതില്ലാതെ മറ്റു മനോഗുണങ്ങൾ ആർജിക്കുക പ്രയാസമാണ്.

"ആത്മാവിൽ ദരിദ്രരായവർ" **സ്വർഗരാജ്യം** അവകാശമാക്കും എന്നാണ് യേശു പറഞ്ഞത് (3:2 ന്റെ പരാമർശം നോക്കുക). ആത്മിയമായി ഹൃദയം നുറുങ്ങി ദൈവസന്നിധിയിലെത്തുന്നവർ നവീകരിക്കപ്പെടും. യെശയ്യാ പ്രവാചകനിൽ കൂടെ ദൈവം അരുളിചെയ്തു, "ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; ["താഴ്മയുള്ളവരുടെ"; എൻകെജെവി]മനസിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ... ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടുകൂടെയും വസിക്കുന്നു" (യെശ. 57:15). താഴ്മയോടെ തങ്ങളുടെ ജീവിതനിയന്ത്രണം കർത്താവിന്നു സമർപ്പിക്കുന്നവരെ അവൻ ഉയർത്തും. യാക്കൊബ് എഴുതി, "കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയർത്തും" (യാക്കൊ. 4:10; സദൃശ. 29:23).

## ദുഃഖിക്കുന്നവർ (5:4)

**[4]"ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് ആശ്വാസം ലഭിക്കും."**

**വാക്യം 4**. വ്യസനം, സങ്കടം എന്നീ വാക്കുകൾക്ക് ഉപയോഗിച്ചിരിക്കുന്നതിനേക്കാൾ ശക്തവും കഠിനവുമായ ഗ്രീക്ക് വാക്കായിരിക്കാം ദുഃഖം എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഒരാൾക്ക് തന്റെ പ്രിയപ്പെട്ട വ്യക്തിയെ നഷ്ടമാകുമ്പോഴുണ്ടാകുന്ന അനുഭവത്തെയാണ് പലപ്പോഴും അതു പ്രകടിപ്പിക്കുന്നത് (ഉൽപ. 23:2; 37:34, 35; 50:3 [LXX]; മർക്കൊ. 16:10). അത്തരം സങ്കടം അയാളെ പിടികൂടാതിരിക്കുകയില്ല. ആ വിധത്തിലുള്ള ദുഃഖത്തെ പലപ്പോഴും "വിലാപം," അഥവാ "കരച്ചൽ" എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ലൂക്കൊസ് മനോഗുണങ്ങളെ വിവരിക്കുമ്പോൾ അനുഗ്രഹിക്കപ്പെടുന്നവർ "കരയുന്നവരാ" ണെന്ന് പറഞ്ഞിരിക്കുന്നു (ലൂക്കൊ. 6:21).

എങ്ങനെയായാലും, യേശു പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിക്കുന്നതിനെ കുറിച്ചല്ല പറയുന്നതു എന്നു വ്യക്തമാണ്. മനോഗുണങ്ങളുടെ പശ്ചാത്തലം യെശയ്യാവ് 61:2 ആണ്, "കരയുന്ന എല്ലാവരേയും മശിഹ ആശ്വസിപ്പിക്കും" എന്നാണ് അവിടെ പറയുന്നത്. ജനങ്ങളുടെ പാപങ്ങൾ നിമിത്തം ദൈവത്തിന്റെ ന്യായവിധി ഒഴിവാക്കുവാനായിരുന്നു പുരാതന യിസ്രായേൽ വിലപിച്ചിരുന്നത്. ദൈവജനത്തിന്മേൽ ദുഷ്ടജാതികൾ വിജയിച്ചതു നിമിത്തമായിരുന്നു അവർ മനോവ്യഥയിലായത്. യെരുശലേമിനെ കുറിച്ച്, യിരെമ്യാവ് വിലപിച്ചതു അതിന് ഒരു ഉദാഹരണമാണ് (യിരെ. 9:1, 18; 13:17; 14:17). ദൈവം തിരഞ്ഞെടുത്ത നഗരത്തിന്റെ പാപം നിമിത്തം അവളെ നശിപ്പിച്ചതുകൊണ്ടാണ് അവൻ വിലാപങ്ങളുടെ പുസ്തകത്തിൽ വിലപിച്ചത്.

നീതി പലപ്പോഴും നമ്മിൽ ദുഃഖം കൊണ്ടുവരും. സോദോമ്യരുടെ "അധർമ്മ പ്രവൃത്തികൾ നിമിത്തം" "നീതിമാനായ ലോത്ത്" ഓരോ ദിവസവും വലഞ്ഞുപോയിരുന്നു. അവൻ ജീവിച്ച പട്ടണത്തിലെ ജനങ്ങളെല്ലാം അധാർമ്മികരായി തീർന്നതായിരുന്നു കാരണം (2 പത്രൊ. 2:6–8). "വ്യസനവും ദുഃഖവുമുള്ള മനുഷ്യനായിരുന്നു" യേശു (യെശ. 53:3), മൽസരികളായിരുന്ന യെരുശലേമിനെ നോക്കി യേശു കരഞ്ഞു (ലൂക്കൊ. 19:41–44). അതിനുപുറമെ, യേശുവിനെ മശിഹയായി സ്വീകരിക്കാതിരുന്ന തന്റെ സഹ യെഹൂദന്മാരെ ഓർത്തു പൗലൊസ് ദുഃഖിച്ചിരുന്നു (റോമ. 9:1–3).

വിലപിക്കുന്ന നീതിമാന്മാർ, തങ്ങളുടെ സ്വന്ത പാപത്തെ ഓർത്തും സങ്കടപ്പെട്ടിരുന്നു (സങ്കീ. 51:1–4, 7–12). ഒരാൾ തന്റെ പാപം ദൈവത്തെ വേദനിപ്പിക്കുമെന്ന് വിചാരിച്ച് ദുഃഖിച്ച് പരിവർത്തനത്തിനു വിധേയമാക്കുകയാണ് വേണ്ടത്. പൗലൊസ് പറഞ്ഞു, "ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു" (2 കൊരി. 7:10; എൻഐവി).

സത്യം ഇതാണ്: തങ്ങളുടേയും മറ്റുള്ളവരുടേയും പാപങ്ങളെ ഓർത്തു ദുഃഖിക്കുന്നവർക്ക് **ആശ്വാസം ലഭിക്കും**. ഈ ജീവിതത്തിൽ, തങ്ങളുടെ പാപങ്ങൾ ദൈവം ക്ഷമിക്കുമെന്നും അവൻ അവരോടൊപ്പം ഉണ്ടാകുമെന്നും അറിയുന്നവരാണ് നീതിമാന്മാരായി സങ്കടപ്പെടുന്നവർ (11:28–30; 28:18–20; പ്രവൃത്തികൾ 2:38; 1 യോഹ. 1:7, 9). അവസാനമായ ആശ്വാസം അനുഭവിക്കുന്നത് വരുവാനിരിക്കുന്ന ലോകത്തിലാണ് (ലൂക്കൊ. 16:25), "സർവ്വാശ്വാസവും നൽകുന്ന ദൈവം" (2 കൊരി. 1:3), "അവരുടെ കണ്ണുകളിൽനിന്നു

കണ്ണുനീരെല്ലാം തുടച്ചു കളയും" (വെളി. 7:17; 21:4).

## സൗമ്യതയുള്ളവർ (5:5)

**[5]"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും."**

**വാക്യം 5. സൗമ്യതയുള്ള** എന്നത് "സഹിഷ്ണുതയുള്ള" എന്നും തർജിമ ചെയ്യാം (കെജെവി). അടിസ്ഥാനപരമായി അതിനർത്ഥം, "ശാന്തമായ," "മൃദുവായ" എന്നാണ്. എങ്ങനെയായാലും, "മീക്നെസ്" "വീക്നെസ്" പോലെയല്ല. *പ്രാസിൽ* സൗമ്യതയുണ്ട്, പക്ഷെ സൗമ്യതക്കു പിന്നിൽ ഉരുക്കിന്റെ ശക്തിയുണ്ട് ... അതു നിയന്ത്രണത്തിനധീനമായ ശക്തിയാണ്."[14]

ഇംഗ്ലീഷ് വാക്കായ "മീക്ക്" ചിലപ്പോൾ ആദരവിനേക്കാൾ-തരം-താഴ്ന്ന, ബലഹീനമായ, നട്ടെല്ലില്ലാത്ത വ്യക്തി എന്നിവക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഗ്രീക്ക് സാഹിത്യത്തിൽ ആ അർത്ഥം വരുന്നില്ല. ശ്രേഷ്ഠതയുള്ള വാക്കിനെയാണ് ഗ്രീക്ക് സംസ്ക്കാരത്തിൽ *പ്രാസ്* പ്രതിനിധീകരിക്കുന്നത്. തർജിമക്കാർ ഉപയോഗിച്ച വാക്കിനെ കുറിച്ചു വില്യം ബാർക്ലേ പറഞ്ഞു, "*ജെന്റിൽ* എന്ന വാക്ക് അതിനടുത്തുവരുമെങ്കിലും, ... ഇംഗ്ലിഷിൽ അതു തർജിമ ചെയ്യുവാൻ യഥാർത്ഥത്തിലുള്ള ഒരു വാക്കില്ല." ആ വേദഭാഗം അദ്ദേഹം വിപുലീകരിച്ച് സമാന്തരപ്രയോഗം നടത്തിയത് താഴെ കൊടുക്കുന്നു:

> ദയയുള്ള മനുഷ്യൻ ഒരിക്കലും തെറ്റായ സമയത്ത് കോപിക്കാതെയിരിക്കുകയും ശരിയായ സമയത്ത് കോപിക്കുകയും ചെയ്യും, എല്ലാ ജന്മവാസനകളിലും പ്രചോദനപ്രദമായി ദൈവനിയന്ത്രണത്തിനു കീഴ്പ്പെടും, താഴ്മയുള്ളവൻ തന്റെ ബലഹീനതയും അജ്ഞതയും തിരിച്ചറിയും, കാരണം അത്തരം മനുഷ്യൻ ആളുകൾക്കിടയിൽ ഒരു രാജാവായിരിക്കും![15]

അപ്പോൾ, സൗമ്യതയുള്ള മനുഷ്യൻ, ശരിയായ കാര്യങ്ങൾക്ക്, ശരിയായ സമയത്തായിരിക്കും കോപിക്കുക. വ്യക്തിപരമായ പരിഹാസങ്ങളേക്കാൾ അയാൾ കാണുന്നത് സമൂഹത്തിന്റെ അനീതിയായിരിക്കും. അത്തരം വ്യക്തികളെ നാം ബലഹീനരായി കാണുന്നതിനു പകരം, ബാർക്ലേ പറയുന്നതുപോലെ, "ഈ വരമുള്ള അഥവാ ആത്മ-നിയന്ത്രണമുള്ളയാൾ തന്റെ ജന്മസിദ്ധമായ കഴിവുകൾ അച്ചടക്കത്തിൽ ദൈവനിയന്ത്രണത്തിൽ പ്രചോദിപ്പിക്കുന്നതു മഹത്തായ കാര്യമായിരിക്കും."[16]

മോശെയെയും യേശുവിനെയും വിവരിക്കുവാൻ *പ്രാസ്* എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. സംഖ്യാപുസ്തകം 12:3 പറയുന്നു, "മോശെ, ഭൂമിയിലുള്ള സകല മനുഷ്യരിലും അതി സൗമ്യനായിരുന്നു [*പ്രാസ്;* LXX]." (കെജെവി). താൻ "സൗമ്യതയും [*പ്രാസ്*] താഴ്മയുമുള്ളവൻ" എന്നു യേശു തന്നെ കുറിച്ചു തന്നെ പറഞ്ഞിരിക്കുന്നു (11:29; 21:5). അവർ രണ്ടുപേരും ബലഹീനരായിരുന്നില്ല; കഴിവുള്ളവരും ശക്തരും ആയിരുന്നു. ദൈവം-നൽകിയ ഉത്തരവാദിത്തങ്ങൾ ദാസന്മാരായി ജ്ഞാനത്തോടു നിറവേറ്റി. "യേശു തന്റെ മശിഹാ ദൗത്യം നിറവേറ്റി, രാഷ്ട്രീയ രാജ്യത്തിലെ സൈനികശക്തി ഉപയോഗിച്ചുകൊണ്ടല്ല, പിന്നെയോ, ദൈവത്തോടും സഹമനുഷ്യരോടും സേവനം അർപ്പിച്ചുകൊണ്ടാണ്."[17]

സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും എന്ന് യേശു പറഞ്ഞതിന്റെ അർത്ഥം എന്താണ്? ആ ചോദ്യത്തിനു ഉത്തരം കണ്ടെത്തുന്നതിനു മുൻപ് രണ്ടു വസ്തുതകൾ നാം പരിശോധിക്കണം. ഒന്ന്, "ഭൂമി" എന്ന വാക്ക് "ദേശം" എന്നും തർജിമ ചെയ്യാം. രണ്ട്, ആ മനോഗുണം സങ്കീർത്തനങ്ങൾ 37:11 ഉദ്ധരിച്ചതാണ് (36:11; LXX); "എന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും, സമാധാന സമൃദ്ധിയിൽ അവർ ആനന്ദിക്കും" (എൻഐവി) ദുഷ്ടന്മാരും നീതിമാന്മാരും തമ്മിലുള്ള വലിയ അന്തരമാണ് സങ്കീർത്തനങ്ങൾ 37 പറയുന്നത് "വാഗ്ദത്ത ദേശം (കനാൻ) ആർ കൈവശമാക്കി അനുഗ്രഹങ്ങളും ആനന്ദവും പ്രാപിക്കും? എന്ന ചോദ്യത്തിന് അതു ഉത്തരം നൽകുന്നു." ഒന്നിച്ചുകൂടി ഗൂഢാലോചന നടത്തുന്ന ദുഷ്ടന്മാർ ദേശത്തുനിന്നു ഛേദിക്കപ്പെടും, എന്നാൽ നീതിമാന്മാരും യഹോവയിൽ ആശ്രയിക്കുന്ന അവരുടെ പിൻഗാമികളും ദേശത്ത് നിർഭയം വസിക്കും (യെശ. 61:7).

യേശു വീണ്ടും വരുമ്പോൾ, ഭൂമിയിൽ ഒരു രാജ്യം സ്ഥാപിക്കും എന്ന ആയിരമാണ്ടു വാഴ്ച്ചയെ അതു പിന്താങ്ങുന്നില്ല. അവൻ സംസാരിക്കുന്നതു കേട്ട ചിലരുടെ കാലയളവിൽ തന്നെ രാജ്യം വന്നു (മർക്കൊ. 9:1; യോഹ. 18:36; പ്രവൃത്തികൾ 1:6–8). അത് അവസാനം ക്രിസ്ത്യാനികൾ കൈവശമാക്കുവാനിരിക്കുന്ന "പുതിയ ആകാശത്തിലും" "പുതിയ ഭൂമിയിലും" സംഭവിക്കുവാനിരിക്കുന്നതായി കാണണം (2 പത്രൊ. 3:13; വെളി. 21:1). കൂടാതെ, ഈ ഭൂമിയിൽ വസിക്കുന്ന ക്രിസ്തുവിനുള്ളവർക്ക് അവൻ നൽകുന്ന വലിയ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ കഴിയും (1 കൊരി. 3:21–23). "അക്രമികൾക്ക് അവരുടെ മോശമായ-പെരുമാറ്റങ്ങൾക്കുള്ള നേട്ടം ആസ്വദിക്കുവാൻ കഴിയുകയില്ല. സൗമ്യതയുള്ളവർക്കു മാത്രമാണ് നിലനിൽക്കുന്നതും നല്ലതുമായ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ കഴിയുന്നത്."[18] ജെയിംസ് മെക്ഗിൽ എഴുതി,

> ഭൂമിയിലെ ആഭ്യന്തരപദവികളും വസ്തുക്കളും ആരെല്ലാം കൈവശമാക്കിയാലും, ലോകം നമ്മുടെ പിതാവിന്റേയും സൗമ്യതയുള്ള മക്കൾ അതിന്റെ അവകാശികളും ആകുന്നു ...
>
> ഈ ജീവിതത്തിൽ, സൗമ്യതയുള്ളവർ ഭൂമി നൂറുമടങ്ങു അനുഗ്രഹങ്ങളോടുകൂടി ആസ്വദിക്കും - വാസ്തവത്തിലുള്ള സമൃദ്ധമായ ജീവിതം ഇവിടെയും - വരുവാനുള്ള ലോകത്തിൽ, നിത്യജീവനും പ്രാപിക്കും! (മർക്കൊ. 10:30).[19]

## നീതിക്കു വേണ്ടി വിശന്നും ദാഹിച്ചും ഇരിക്കുന്നവർ (5:6)

**6 "നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്കു തൃപ്തിവരും."**

**വാക്യം 6.** മനുഷ്യർക്ക് കൂടെക്കൂടെ ഉണ്ടാകുന്ന ശക്തമായ ശാരീരിക ഇഛകളിൽ ചിലതാകാം ഒരുപക്ഷെ **വിശപ്പും ദാഹവും**. എങ്ങനെയായാലും, കഠിനമായ വിശപ്പും ദാഹവും ആധുനിക മനുഷ്യന് അന്യമാണെന്നു പറയാം., കാരണം അവർക്ക് പെട്ടെന്ന് ആഹാരവും പാനിയവും ലഭ്യമാണ്. നാൽപതു

രാവും പകലും ഉപവസിച്ച യേശുവിനു മരുഭുമിയിൽ വിശപ്പ് എന്താണെന്ന് അറിയാമായിരുന്നു (4:2 ന്റെ പരാമർശം നോക്കുക). ലൂക്കൊസിന്റെ പ്രസംഗ വിവരണം താൽപര്യം ജനിപ്പിക്കുന്ന വിധത്തിൽ പറയുന്നത്, “ഇപ്പോൾ വിശക്കുന്നവരായ നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾക്ക് തൃപ്തി വരും” (ലൂക്കൊ. 6:21). ദൈവത്തോടുള്ള സമർപ്പണം നിമിത്തം, തീർച്ചയായും ജീവിതത്തിലെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നവർ ഉണ്ടായിട്ടുണ്ട് (2 കൊരി. 6:5; 11:27; വെളി. 7:16).

മത്തായിയിൽ, യേശു ഉപയോഗിച്ച ആത്മിയ ആവശ്യമായ വിശപ്പും ദാഹവും **നീതി** നിറവേറ്റുവാൻ അനിവാര്യ യോഗ്യതയാണ്. അത്തരം ഭാവനയുടെ പശ്ചാത്തലം സങ്കീർത്തനത്തിലുണ്ട്:

> മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ
> ദൈവമേ എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു
> എന്റെ ആത്മാവ് ദൈവത്തിനായി
> ജീവനുള്ള ദൈവത്തിനായി ദാഹിക്കുന്നു;
> ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും
> (സങ്കീ. 42:1, 2).

> ദൈവമേ, നീ എന്റെ ദൈവം, അതികാലത്തെ ഞാൻ നിന്നെ
> അന്വേഷിക്കും;
> വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്ത്
> എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു
> എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു
> (സങ്കീ. 63:1).

ആത്മിയ വിശപ്പും ദാഹവും യെശയ്യാവിലും കാണാം:

> “അല്ലയോ, ദാഹിക്കുന്ന ഏവനും ദ്രവ്യമില്ലാത്തവരുമായുള്ളോരേ,
> വെള്ളത്തിന്നു വരുവിൻ;
> നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ
> വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ
> അപ്പമല്ലാത്തതിനു ദ്രവ്യവും തൃപ്തി വരുത്താത്തതിന്നു
> നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്?
> എന്റെ വാക്ക് ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ
> പുഷ്ടഭോജനം കഴിച്ചു മോദിച്ചുകൊൾവിൻ”
> (യെശ. 55:1, 2).

ആ ആത്മിയ വിശപ്പ് യേശു തന്റെ ഭൗമിക ജീവിതത്തിൽ കാണിച്ചുകൊടുത്തു. കല്ല് അപ്പമാക്കി ഭക്ഷിപ്പാൻ സാത്താൻ അവനെ പരീക്ഷിച്ചപ്പോൾ, പ്രതികരിച്ച് പറഞ്ഞു, “മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു” (4:4). യാക്കൊബിന്റെ കിണറ്റിനരികിലിരിക്കുമ്പോൾ, യേശുവിന്റെ ശിഷ്യന്മാർ ഭക്ഷണവുമായി വന്നപ്പോൾ, അവൻ ഭക്ഷിക്കാതിരുന്നതിൽ അവർ അതിശ

യിച്ചുപോയി. അവൻ അവരോട് പറഞ്ഞു, “നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്ക് ഉണ്ട്;” “എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികക്കുന്നതത്രെ എന്റെ ആഹാരം” (യോഹ. 4:32, 34).

ഈ മനോഗുണത്തിൽ, ചുരുങ്ങിയത് യേശു “നീതി” എന്നു പറഞ്ഞതിനെ നിർവ്വചിച്ചിരിക്കുന്നു. യേശു ഉപയോഗിച്ച വാക്ക് മനസിലാക്കേണ്ടത്, “ന്യായം,” “ധാർമ്മിക നേര്,” അല്ലെങ്കിൽ “ദൈവത്തോടുകൂടെ ശരിയായി നിൽക്കൽ”എന്നാണ്. ന്യായത്തെ കുറിച്ച് ഡൊണാൾഡ് ഏ. ഹാഗെർ പറഞ്ഞത്, ഈ മനോഗുണം തരംതാഴ്ത്തപ്പെട്ടവർക്ക് പ്രത്യേകിച്ച് വരുവാനിരുന്ന രാജ്യത്തിൽ നീതി സംബന്ധിച്ച് വിശപ്പും ദാഹവുമുള്ളവർക്ക് പ്രോൽസാഹനം നൽകുന്നതാണ്.[20] ആ നീതി ധാർമ്മികമായ നേരാണെന്ന് ലിയോൺ മോറിസ് പറഞ്ഞിരിക്കുന്നു. അയാൾ പറഞ്ഞു, “എല്ലാവരും ചിലപ്പോഴൊക്കെ ശരിയായതു ചെയ്യും, എന്നാൽ യേശു പറഞ്ഞതു വല്ലപ്പോഴും ചെയ്യുവാനല്ല, പിന്നെയോ ശരിയായതിനെ കുറിച്ച് താൽപര്യമുണ്ടാകണമെന്നാണ്.”[21] ദൈവത്തിന്റെ ജനം അപൂർണ്ണരും പാപം ചെയ്യുന്നവരുമാകയാൽ, ദൈവത്തോടുകൂടി നിന്നു അവന്റെ നീതി ലഭിക്കുവാൻ ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കണം.

യേശുവിന്റെ ശിഷ്യന്മാർ നീതി പൂർണ്ണമായും ഉൾക്കൊള്ളുവാൻ ആഗ്രഹിക്കണമെന്നു പറയുന്നതായിട്ടാണ് ആ വാക്യത്തിന്റെ ഗ്രീക്ക് ഘടന വ്യക്തമാക്കുന്നത്. നീതിയെ ദൈവമുൻപാകെ ശരിയായ-ജീവിതം എന്നു നിർവ്വചിക്കാം, അതു തിരഞ്ഞെടുക്കാവുന്ന ആത്മിയതയല്ല, മറിച്ച് ആത്മിയമായ ആവശ്യമാണ്. ക്രിസ്തുവിന്റെ ഒരു ശിഷ്യനും അതിന്റെ ഒരു ഭാഗം പോലും അന്വേഷിക്കാതെ ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല.[22]

ദൈവത്തെ താൽപര്യപൂർവ്വം അന്വേഷിക്കുന്നവർക്ക് തൃപ്തി വരും എന്നാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. ആ ഹൃദയങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റുമെന്നാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്. ഇവിടെ ഉപയോഗിച്ച ഭാഷ നമ്മെ ഓർപ്പിക്കുന്നത് സങ്കീർത്തനങ്ങൾ 107:9 ആണ്: “അവൻ ആർത്തിയുള്ളവന്നു തൃപ്തി വരുത്തുകയും വിശപ്പുള്ളവന്നു നന്മകൊണ്ട് നിറെക്കുകയും ചെയ്യുന്നു” (യിരെ. 31:25; ലൂക്കൊ. 1:53 നോക്കുക). തന്റെ ജനത്തിന്റെ ആഴമേറിയ ഭൗതികവും ആത്മികവുമായ ആഗ്രഹങ്ങൾ നിവർത്തിപ്പാൻ ദൈവം പ്രാപ്തനാണ്. ആ ആത്മിയമായ തൃപ്തി ഈ ജീവിതത്തിൽ സാധ്യമാണ്. യേശു പറഞ്ഞു, “ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവന്നു ദാഹിക്കയുമില്ല” (യോഹ. 6:35). അതിനു പുറമെ, ഈ ആത്മിയ നിറവ് വരുവാനുള്ള ലോകത്തിലും ലഭിക്കും. ആ നിറവ് ഒരു വലിയ നിറവ് അഥവാ കല്യാണ വിരുന്നായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത് (8:11, 12; 22:1–10; 25:10; വെളി. 19:9). സ്വർഗീയനഗരത്തിലുള്ളവരുടെ ദാഹം ശമിപ്പിക്കുന്നത് സൗജന്യമായ ജീവജലം നൽകിക്കൊണ്ടാണ് (വെളി. 21:6; 22:17).

## കരുണയുള്ളവർ (5:7)

**7“കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും.”**

**വാക്യം 7.** “സഹതാപമുള്ള” എന്നും തർജിമ ചെയ്യാവുന്ന ഗ്രീക്ക്

വാക്കാണ് ഇവിടെ **കരുണ** എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. "കരുണ" എന്ന വാക്കിനോട് ബന്ധപ്പെട്ട് തർജിമ ചെയ്തിരിക്കുന്നത് മറ്റൊരാളോട് ഒരാൾക്ക് അനുകമ്പ തോന്നി പ്രവർത്തിക്കുന്നതാണ്. ഒരാൾക്ക് മറ്റൊരാളോട് കരുണ തോന്നിയാൽ അയാൾ ഏറ്റവും നല്ലതു സ്നേഹത്തോടെ ചെയ്യും. ഒരാൾക്ക് മറ്റൊരാളോട് വെറുതെ ദുഃഖഭാവം തോന്നുന്നതല്ല അത്; മറ്റൊരാളെ സഹായിക്കുന്ന ക്രിയാത്മക പ്രവൃത്തി അതിനാവശ്യമാണ്. അത് "സഹതാപമല്ല" മറിച്ച് "തന്മയിഭാവശക്തി" പ്രകടനമാണ്. അതായത് മറ്റൊരാളോട് ദയ കാണിക്കുവാനുള്ള കഴിവ്.

പുതിയനിയമകാല ജീവിതശൈലിക്കെതിരായിരുന്നു യേശുവിന്റെ ഉപദേശം. അനുകമ്പാർഹരായിരിക്കുന്നത് ആത്മിയരോഗമാണെന്ന് പറഞ്ഞ് റോമാക്കാർ അത്തരക്കാരെ പുഛിച്ചു തള്ളിക്കളയുന്ന കാഴ്ച്ചപ്പാടായിരുന്നു പ്രകടിപ്പിച്ചിരുന്നത്. ബലഹീനതയുടെ അടയാളമായിട്ടാണ് അവർ കരുണയെ കണ്ടിരുന്നത്, എല്ലാ മാനുഷ ബലഹീനതകളെയും അവർ നിന്ദിച്ചിരുന്നു. അവർ പുരുഷത്വത്തെ മഹത്വപ്പെടുത്തുകയും കരുണ കാണിക്കുന്നത് അതിന്റെ കുറവായും അവർ കണക്കാക്കിയിരുന്നു.[23]

പലപ്പോഴും, കരുണയെ തള്ളിക്കളഞ്ഞവരായിരുന്നു യേശുവിന്റെ കാലഘട്ടത്തിലെ യെഹൂദ മതാദ്ധ്യക്ഷന്മാർ. അവർ സ്വയനീതീകരണം നടത്തുന്നവരും, മൽസരികളും, അഹങ്കാരികളും, വിധിക്കുന്നവരുമായിരുന്നു. വേദശാസ്ത്രപരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം അവരുടെ പക്കൽ ഉണ്ടെന്നായിരുന്നു അവരുടെ വിചാരം, എന്നാൽ കഷ്ടത അനുഭവിക്കുന്നവരോട് അവർ കരുണ കാണിച്ചതേയില്ല. കഷ്ടപ്പെടുന്നവർ അങ്ങനെയായത് ദൈവം അവരുടെ പാപത്തിനു ശിക്ഷിക്കുന്നതായിട്ടാണ് അവർ കണക്കാക്കിയിരുന്നത് (ലൂക്കൊ. 13:1-5; യോഹ. 9:1, 13, 34). പൗലൊസിന്റെ ഗുരുവായിരുന്ന, ഗമാലിയേൽ, താൽമൂദ് ഉദ്ധരിച്ചു പറഞ്ഞു, "ആരെങ്കിലും മറ്റുള്ളവരോട് കരുണയുള്ളവനായിരുന്നാൽ, സ്വർഗവും അവനോട് കരുണ കാണിക്കും; എന്നാൽ കരുണ കാണിക്കാത്തവനോട് സ്വർഗവും കരുണ കാണിക്കുകയില്ല."[24] തന്റെ ആനുകാലികരായ ആളുകളിൽനിന്നു വ്യത്യസ്തനായി ശരിയായിട്ടാണ് അയാൾ കരുണയെ കണ്ടത്.

ദൈവത്തിന്റെ മഹത്തായ സ്വഭാവങ്ങളിൽ ഒന്നാണ് കരുണ (പുറ. 34:6; ലൂക്കൊ. 6:36), ക്രിസ്തുവിന്റേയും (എബ്രാ. 2:17). "ന്യായപ്രമാണത്തിൽ ഘനമേറിയ" കൽപനയായിട്ടാണ് ക്രിസ്തു കരുണയെ കണ്ടത് (23:23; 9:13; 12:7 നോക്കുക). സദൃശവാക്യം 14:21-ൽ എഴുതിയിരിക്കുന്നത് പ്രതിഫലിപ്പിക്കയാണ് അവന്റെ മനോഗുണം: "എളിയവനോട് കൃപ കാണിക്കുന്നവനാണ് ഏറ്റവും ഭാഗ്യവാൻ" (LXX). "കരുണ" എന്ന വാക്ക് ഉപയോഗിക്കാതെ തന്നെ കരുണാ വിഷയത്തെ മത്തായി എടുത്തു കാണിക്കുന്നു. റോബർട്ട് എച്ച്. ഗൺഡ്രി ഈ ലിസ്റ്റ് യോജിപ്പിച്ചിരിക്കുന്നു:

> മറിയക്ക് പരസ്യമായ അപവാദം വരുത്തരുത് എന്നുവെച്ച് യോസേഫ് മറിയയോട് കരുണ കാണിച്ചു (1:19), ഒരു ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കാതെ അവളോട് കരുണ കാണിക്കണം (5:31-32 ...); കരുണപ്രവൃത്തിയായ ക്ഷമാപണത്തെ കാണിക്കുന്നതാണ് കടക്കാരുടെ ഉപമ (18:23-35), ഒരു മണിക്കൂർ മാത്രം ജോലി ചെയ്തയാൾക്ക് ഒരു ദിവസത്തെ വേതനം നൽകുന്നതും കരുണാപ്രവൃത്തിയാണ് (20:1-16). യേശു "ചെറിയവരേ

ാടും" (അദ്ധ്യാ. 18), ശിശുക്കളോടും, ദൈവാലയത്തിലെ കുരുടരോടും, മുടന്തരോടും (21:14-16), ചുങ്കക്കാരോടും വ്യഭിചാരികളോടും കരുണ കാണിച്ചിരുന്നു (21:28-32); അവസാന ന്യായവിധിയിൽ, കോലാടുകളെയും ചെമ്മരിയാടുകളേയും വേർതിരിക്കുന്നതും കരുണാപ്രവൃത്തിയാണ് (25:31-46).[25]

കരുണ കാണിക്കുന്നവർക്കു കരുണ ലഭിക്കും എന്നാണ് ക്രിസ്തു പറഞ്ഞത്. പിന്നീട് അവൻ പഠിപ്പിച്ചു, "നിങ്ങൾ മറ്റുള്ളവരുടെ പിഴകളെ ക്ഷമിക്കാഞ്ഞാൽ സ്വർഗസ്ഥനായ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല" (6:15). നാം മറ്റുള്ളവരോട് കരുണ കാണിക്കാഞ്ഞാൽ നാം നമ്മുടെ തന്നെ ക്ഷമാപണ വാതിൽ അടക്കുകയാണ് ചെയ്യുന്നത്. യാക്കോബ് എഴുതി, "കരുണ കാണിക്കാത്തവന്നു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും; കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു" (യാക്കൊ. 2:13). നമ്മോടുള്ള കരുണയും സ്നേഹവും നിമിത്തമാണ് നമ്മുടെ പാപങ്ങൾ ദൈവം നമ്മോട് ക്ഷമിക്കുന്നത്. അവന്റെ കൃപയിൽനിന്നു വളരുന്നതാണ് കരുണ; അവ രണ്ടും അവന്റെ സ്നേഹത്തിന്റെ പ്രകടനമാണ്. നമുക്ക് അർഹമായ ശിക്ഷ ദൈവം തരുന്നില്ല; പക്ഷെ അവന്റെ കൃപയാൽ അനർഹമായ ക്ഷമാപണം അവൻ നമുക്ക് നൽകുന്നു. "ലക്ഷണങ്ങളെ കൈകാര്യം ചെയ്യുന്നതു കരുണയും, കാരണത്തെ കൃപയും കൈകാര്യം ചെയ്യുന്നു. കരുണ ശിക്ഷയിൽനിന്നുള്ള വിടുതൽ നൽകുന്നു. കൃപ കുറ്റത്തെ ക്ഷമിക്കുന്നു. കരുണ വേദനയെ നീക്കുന്നു; കൃപ രോഗത്തെ ഭേദമാക്കുന്നു."[26] ഹേഡൻ ഡബ്ലിയു. റോബിൻസൺ എഴുതിയത് ശരിയായിരിക്കും, "നമ്മുടെ പാപത്തോടുള്ള ദൈവത്തിന്റെ പ്രതികരണമാണ് കൃപ; നമ്മുടെ ദുഃഖത്തോടുള്ള അവന്റെ പ്രതികരണമാണ് കരുണ."[27]

## ഹൃദയ ശുദ്ധി (5:8)

**8"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും."**

**വാക്യം 8. ശുദ്ധി** എന്നതിനുള്ള ഗ്രീക്ക് വാക്ക് പുതിയനിയമത്തിൽ ഇരുപത്തി-യേഴു പ്രാവശ്യം കാണാം. എൻഏഎസ്ബിയിൽ അത് സാധാരണ തർജിമ ചെയ്തിരിക്കുന്നത് "ശുദ്ധി" അല്ലെങ്കിൽ "വൃത്തി" എന്നാണ്. ഒരാളുടെ തോന്നലുകളും, ചിന്തകളും, ഇച്ഛയുമടക്കമുള്ള ആന്തരിക വ്യക്തിത്വത്തെയാണ് **ഹൃദയം** എന്ന വാക്ക് അർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ പിൻഗാമികളുടെ ആന്തരിക വിശുദ്ധിയെയാണ് ഈ മനോഗുണം സംസാരിക്കുന്നത്, ഇതിനു വിപരീതമായാണ് പരീശന്മാരും ശാസ്ത്രിമാരും പുറമെ ശുദ്ധിയാക്കിക്കൊണ്ടിരുന്നത് (15:1-11; 23:25-28). എല്ലാ ശരിയായ ജീവിതത്തിന്റെയും അടിസ്ഥാന ഉറവിടമാണ് ഹൃദയ ശുദ്ധി. അതില്ലാതായാൽ, നേരായ പ്രവൃത്തികളെല്ലാം അർത്ഥശൂന്യമാകും (12:34; 15:19). അതിന്റെ ആവശ്യകതയെ കുറിച്ച് മൈക്കിൾ ജെ. വിൽക്കിൻസ് ചുരുക്കി പറഞ്ഞിരിക്കുന്നു:

ആഘോഷപരമായ ശുദ്ധീകരണത്തിന് റബ്ബിമാർ നിയമാവലികൾ സങ്കീർണ്ണമാക്കിയിരുന്നു, അവ പിന്നീട് ചുരുക്കി *ടൊഹോറാത്ത്* എന്നാ

ക്കി ("വൃത്തി"), *മിഷ്നാ*യുടെ ഒരു പിരിവാണ് അത്. എന്നാൽ ആ നിയമാവലികളെല്ലാം, ഏറ്റവും പ്രധാനപ്പെട്ട ഒരു ശുദ്ധീകരണത്തെ അവർ ഒഴിവാക്കിയിരുന്നു, അതാണ് ഹൃദയ ശുദ്ധി. ഹൃദയശുദ്ധിയുള്ളയാൾ പുറമെ ശുദ്ധിയുള്ള വ്യക്തിയായിരിക്കും; അതേ സമയം തിരിച്ച് ആവുകയുമില്ല ... ഒരാളുടെ ഹൃദയശുദ്ധി അയാളുടെ ദൈവഭക്തിക്കായുള്ള ഏകമനസു പ്രകടമാക്കുകയും, അതു ജീവിതത്തിന്റെ എല്ലാ വശങ്ങളിലും കാണുകയും ചെയ്യും.[28]

യേശുവിന്റെ മനോഗുണം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്ന ആരാധനാ വഴിയിലേക്ക് നമ്മെ നയിക്കുന്നു:

യഹോവയുടെ പർവ്വതത്തിൽ ആർ കയറും?
അവന്റെ വിശുദ്ധസ്ഥലത്ത് ആർ നിൽക്കും?
വെടിപ്പുള്ള കയ്യും നിർമ്മലഹൃദയവുമുള്ളവൻ
വ്യാജത്തിൽ മനസു വെക്കാതെയും
കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ (സങ്കീ. 24:3, 4).

സങ്കീർത്തനക്കാരൻ പിന്നെയും പ്രാർത്ഥിച്ചു,

ദൈവമേ നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു
സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ,
നിന്റെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ
നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നും എടുക്കയുമരുതേ
(സങ്കീ. 51:10, 11).

"ഹൃദയശുദ്ധിയുള്ളവർക്കു" മാത്രമെ **ദൈവത്തെ കാണുവാൻ കഴിയു**. ഈ സന്ദർഭത്തിൽ, "കാണും" എന്ന ക്രിയയുടെ അർത്ഥം, വെറുതെ കണ്ണുകൊണ്ട് കാണുന്നതിനപ്പുറമാണ്. അതിനർത്ഥം, അനുഭവിക്കുക, ആസ്വദിക്കുക, ദൈവത്തെ അറിയുക എന്നാണ്. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല എന്നതു വാസ്തവമാണ് (പുറ. 33:20; യോഹ. 1:18; 1 തിമൊ. 6:16). എങ്ങനെയായാലും, ഒരർത്ഥത്തിൽ, ക്രിസ്ത്യാനികൾക്ക് ഇപ്പോൾ വിശ്വാസക്കണ്ണാൽ ദൈവത്തെ അനുഭവിക്കുവാൻ കഴിയും (സങ്കീ. 63:2; എബ്രാ. 11:27). എങ്കിലും, ഒരിക്കൽ ആ വിശ്വാസം കാഴ്ച്ചയായി ഭവിക്കും (2 കൊരി. 5:7), ക്രിസ്ത്യാനികൾ അവനെ "മുഖാമുഖമായി" കാണുകയും ചെയ്യും (1 കൊരി. 13:12; 1 യോഹ. 3:2 നോക്കുക). സ്വർഗീയ നഗരത്തിൽ, ദൈവം തന്റെ ജനത്തോടുകൂടി വസിക്കും (വെളി. 21:3) "അവർ അവന്റെ മുഖം കാണുകയും ചെയ്യും" (വെളി. 22:4).

### സമാധാനമുണ്ടാക്കുന്നവർ (5:9)

**9"സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും."**

**വാക്യം 9. സമാധാനമുണ്ടാക്കുന്നവർ** എന്നതിനുള്ള ഗ്രീക്ക് വാക്ക് പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്. ആ വാക്ക് "മന്ത്രിക്കുന്നതിനും, വായാടിയാകുന്നതിനും, പരക്കാര്യത്തിൽ ഇടപെടുന്നതിനും, ദ്രോഹം ചെയ്യുന്നതിനും എതിരാണ്"[29] എന്നു ലൂയിസ് പറഞ്ഞിരിക്കുന്നു.

"സമാധാനം" എന്നതിനുള്ള ഗ്രീക്ക് വാക്ക് വിവിധരൂപത്തിൽ, പുതിയ നിയമത്തിൽ എതാണ്ട് തൊണ്ണൂറിലധികം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതു കാണാം. "സമാധാനം" എന്നതിന്റെ എബ്രായവാക്ക് (*ശാലോം*) അർത്ഥമാക്കുന്നത് എതിരില്ലാതിരിക്കുന്നതിനേക്കാൾ അധികമാണ്; അത് മറ്റുള്ളവരുടെ ക്രിയാത്മക നന്മ പ്രതീക്ഷിക്കുന്നതാണ്. അതിന്റെ ആചാര സന്ദർഭം നോക്കി ഫലപ്രദമായ രീതിയിൽ ഹെയർ പറഞ്ഞു:

> ആ മനോഭാവത്തെ ആദ്യം പറഞ്ഞത് പാക്സ് റോമാനാ [റോമൻ സമാധാനം] കാലത്തിലായിരുന്നു എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മൽസരികളായ സംസ്ഥാനങ്ങളുടെ ചെറിയ യുദ്ധങ്ങളെല്ലാം റോമൻ സൈന്യാധിപശക്തിയാൽ അടിച്ചൊതുക്കി അവസാനിപ്പിച്ചിരുന്നു, മദ്ധ്യധരണ്യാഴിക്കടലിനടുത്തുള്ള കൊള്ളക്കാരെയും കവർച്ചക്കാരെയും ദേശത്തു നിന്നു ഓടിച്ചു. ചക്രവർത്തിയുടെ മുൻനിരപോരാളികളുടെ യുദ്ധമൊഴിച്ച് മറ്റുള്ളവയെല്ലാം ഇല്ലാതായിരുന്നു. എന്നാൽ എബ്രായ ഭാഷയിൽ *ശാലോം* സമാധാനത്തിനുള്ള അർത്ഥം, എല്ലാവരുടെയും നന്മക്കുള്ള യോജിച്ച സഹായസഹകരണം എന്നാണ്, അതു റോമൻ സൈന്യബാഹുല്യത്താൽ സാധ്യമായിരുന്നില്ല.[30]

ഒന്നാം-നൂറ്റാണ്ടിലെ ചരിത്രപരമായ പാലസ്തീനെ മനസിൽ വെച്ച്, ഹാഗ്നെർ പറഞ്ഞത് ഈ മനോഗുണം മതഭ്രാന്തിനെതിരാണ് എന്നത്രെ. ആ യെഹൂദ വിപ്ലവകാരികൾ വിചാരിച്ചത് തങ്ങളുടെ റോമൻ എതിരാളികളെ അക്രമത്താലോ, വേണ്ടിവന്നാൽ മറിച്ചിട്ടോ യിസ്രായേൽ രാജ്യം യഥാ-സ്ഥാനപ്പെടുത്താമെന്നാണ് (യോഹ. 6:15 നോക്കുക). അയാൾ പറഞ്ഞു, "അതിലുപരിയായി മതഭ്രാന്തന്മാർ, തങ്ങളുടെ സൈന്യബലത്താൽ അവർ 'ദൈവത്തിന്റെ ഭക്തിയുള്ള മക്കൾ' ആകുമെന്നാണ്" എങ്ങനെയായാലും, ദൈവരാജ്യം അങ്ങനെയായിരിക്കുകയില്ല സ്ഥാപിക്കുന്നതെന്ന് യേശു പറഞ്ഞു. പകരം, അതു വരുന്നത് ദൈവത്തിന്റെ പ്രവൃത്തിയാലാണ്, അതിലെ പ്രജകൾ സമാധാനം ഉണ്ടാക്കുന്നവരുമാണ്.[31]

സമാധാനത്തെ കുറിച്ച് വെറുതെ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതിനേക്കാൾ കൂടുതൽ ചെയ്യേണ്ടവരാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർ. "സമാധാനത്തെ സ്നേഹിക്കുന്നവർ ഭാഗ്യവാന്മാർ" എന്നോ അല്ലെങ്കിൽ, "സമാധാനത്തിനായി പ്രത്യാശിക്കുന്നവർ ഭാഗ്യവാന്മാർ" എന്നോ അല്ല യേശു പറഞ്ഞത്. സമാധാനമില്ലാത്ത സ്ഥലത്ത് സമാധാനം കൊണ്ടുവരുവാനാണ് കർത്താവ് തന്റെ ശിഷ്യന്മാരോട് ആഹ്വാനം ചെയ്തതു. ഇതു വെറുതെ കലഹം ഒഴിവാക്കുവാനുള്ള ഒരു മനോഗുണമല്ല. പകരം ഭാഗ്യാവസ്ഥ വരുന്നത്, വ്യത്യാസങ്ങളെ അതിജീവിക്കുന്നവർക്കാണ്. സമാധാനം ഉണ്ടാക്കുന്നതിനെ കുറിച്ച് ബാർക്ലെ ഇങ്ങനെ നിരീക്ഷിച്ചു:

> നിഷ്ക്രിയമായി കാര്യങ്ങളെ സ്വീകരിക്കുവാനല്ല ഈ മനോഗുണം

ആവശ്യപ്പെടുന്നത്, കാരണം എന്തെങ്കിലും ചെയ്താൽ കുഴപ്പമാകുമോ എന്ന ഭയം മൂലം ഒന്നും ചെയ്യാതിരിക്കും, എന്നാൽ കാര്യങ്ങളെ പ്രതിസന്ധിയിൽകൂടെയാണെങ്കിലും പ്രവൃത്തിയോടുകൂടെ നേരിടുമ്പോഴാണ് സമാധാനം *ഉണ്ടാക്കുന്നത്*.[32]

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും എന്നാണ് യേശു പറഞ്ഞത്. തന്നോട് വീണ്ടും കൂട്ടായ്മയുണ്ടാകുവാൻ തന്റെ ഏകജാതനായ പുത്രനെ യാഗമാകുവാൻ അനുവദിച്ച്, ഏറ്റവും വലിയ സമാധാനമുണ്ടാക്കിയത് ദൈവമാണ് (റോമ. 5:1–11; എഫെ. 2:11–22). അവൻ "സമാധാനത്തിന്റെ ദൈവമാണ്" (ഫിലി. 4:9; 1 തെസ. 5:23). സമാധാനം ഉണ്ടാക്കുന്നവർ "ദൈവമക്കൾ ആകുവാനുള്ള" കാരണം, അവർ അവന്റെ സ്വഭാവം പങ്കിടുന്നതിനാലാണ്. എന്നാൽ ഇപ്പോൾ, ഒരർത്ഥത്തിൽ, വിശ്വാസത്താൽ നാം ദൈവത്തിന്റെ "പുത്രന്മാർ" ആകും (റോമ. 8:14; ഗലാ. 3:26, 27). സമാധാനം ഉണ്ടാക്കുന്നവരെ ദൈവം തന്റെ അവസാന ന്യായവിധിയിൽ അവരെ തന്റെ മക്കളായി കണക്കിലെടുക്കും.

## ഉപദ്രവിക്കപ്പെടുന്നവർ (5:10-12)

**[10]"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, ദൈവരാജ്യം അവർക്കുള്ളത്."**
**[11]"എന്റെ നിമിത്തം നിങ്ങളെ പഴിക്കയും, ഉപദ്രവിക്കയും, നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട്, സന്തോഷിച്ചുല്ലസിപ്പിൻ;[12] നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ."**

5:3–12-ൽ "ഭാഗ്യം" എന്ന വാക്ക് ഒമ്പതു പ്രാവശ്യം കാണുന്നുവെങ്കിലും, സാങ്കേതികമായി ഒമ്പതു മനോഗുണങ്ങളാണുള്ളത്, എട്ടാമത്തേതും (5:10) ഒമ്പതാമത്തേതും (5:11, 12) യോജിപ്പിച്ചാണ് കൊടുത്തിരിക്കുന്നത് കാരണം അവ രണ്ടും ഉപദ്രവവുമായി ബന്ധപ്പെട്ടതാണ്. ആദ്യത്തെ എട്ടു മനോഗുണങ്ങളും മൂന്നാമത്തെ വ്യക്തിയെ ("അവർ") സൂചിപ്പിച്ചും, ഒമ്പതാമത്തേത് രണ്ടാമത്തെ വ്യക്തിയെ ("നിങ്ങൾ") സൂചിപ്പിച്ചുമാണ് പറഞ്ഞിരിക്കുന്നത്. എട്ടെണ്ണം ഒരുപക്ഷെ പൊതുവിൽ പുരുഷാരത്തെ സംബോധന ചെയ്തും, ഒമ്പതാമത്തേത് ശിഷ്യന്മാരെ സംബോധന ചെയ്തുമായിരിക്കാം പഠിപ്പിച്ചത്.[33] ശിഷ്യന്മാരുടെ പങ്ക് ഉപ്പും വെളിച്ചവുമാണെന്ന് രണ്ടാം വ്യക്തിയെ സൂചിപ്പിച്ച് ശിഷ്യന്മാരെ തുടർച്ചയായി പഠിപ്പിച്ചുകൊണ്ടിരുന്നു (5:13–16).

**വാക്യം 10.** ഈ അവസാന വാക്യങ്ങളിൽ, "മനോഗുണത്തിന്റെ വിരോധാഭാസം ഉച്ചസ്ഥായിയിലെത്തുന്നു."[34] യേശു പറഞ്ഞു, **"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ.''** "ഉപദ്രവിക്കുക" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്കിന്റെ അർത്ഥം, "വേട്ടയാടുക, ഓടിക്കുക, പിന്തുടരുക" എന്നാണ്. ഇതിൽ, ശാരീരികമായ ദുരുപയോഗം, പീഢനങ്ങൾ, മറ്റുപദ്രവങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ഈ മനോഗുണത്തിലെ വാഗ്ദാനം, സ്വർഗരാജ്യമാണ്. ഇവിടെ പറയുന്നത്

എല്ലാ ഉപദ്രവങ്ങളെയുമല്ല, മറിച്ച് "നീതി നിമിത്തം" ഉപദ്രവിക്കപ്പെടുന്നവരെയാണ്. തിന്മ ചെയ്തിട്ട് ഉപദ്രവം സഹിക്കുന്നതും, ക്രിസ്തുവിനുവേണ്ടി ഉപദ്രവം സഹിക്കുന്നതും തമ്മിലുള്ള വ്യത്യാസം പത്രൊസ് വേർതിരിച്ചു കാണിക്കുന്നുണ്ട്:

> ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലൊ. നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്; പരക്കാര്യത്തിൽ ഇടപെടുന്നവനുമായിട്ടുമല്ല, ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത് (1 പത്രൊസ് 4:14–16; 3:14 നോക്കുക).

**വാക്യം 11.** ഉപദ്രവം എന്ന വിഷയത്തെ കുറിച്ചു യേശു തുടരുന്നു: **"എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ."** ഉപദ്രവത്തിൽ പെടുന്നതാണ് പഴിയും നിന്ദയും. ലൂക്കൊസ് 6:22-ൽ കൂടുതൽ വിശദാംശങ്ങളുണ്ട്: "മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ച് ഭ്രഷ്ടരാക്കി നിന്ദിച്ചു നിങ്ങളുടെ പേർ വിടക്ക് എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ ..." ഇവിടെ "നിന്ദ" എന്ന വാക്കിന് ഉപയോഗിച്ച ഗ്രീക്ക് വാക്കിനു പരിഹാസം എന്ന അർത്ഥവുമുണ്ട്; അതിൽ ഗൗരവമായ പരിഹാസം, "അധിക്ഷേപം," അല്ലെങ്കിൽ "കുറ്റാരോപണം" എന്നും തർജിമ ചെയ്യാം. അക്ഷരികമായ അതിന്റെ അർത്ഥം, "ഒരാളുടെ വായിലേക്ക് അധിക്ഷേപം വർഷിക്കുക എന്നാണ്."

"എന്റെ നിമിത്തം" എന്നതിനു "ക്രിസ്തുവിന്റെ നാമം നിമിത്തം" എന്നാണ് അർത്ഥം. ആ പ്രയോഗത്തിന് "നീതി നിമിത്തം" എന്ന പ്രയോഗത്തോട് സാമ്യമുണ്ട് (5:10). തന്നോട് പെരുമാറിയതുപോലെ, തന്റെ ശിഷ്യന്മാരോടും ആളുകൾ മോശമായി പെരുമാറും എന്ന് യേശു മുന്നറിയിച്ചിരുന്നു. അവൻ പറഞ്ഞു, "ശിഷ്യൻ ഗുരുവിൻമീതെയല്ല, ദാസൻ യജമാനനുമീതെയുമല്ല" (10:24). തന്റെ ശിഷ്യന്മാരെ പട്ടണത്തിൽനിന്നു പട്ടണത്തിലേക്ക് വേട്ടയാടി ഓടിക്കുകയും വിചാരണക്ക് എൽപിക്കപ്പെടുകയും, കൊല്ലുകയും ചെയ്യും എന്നു അവൻ മുന്നറിയിച്ചിട്ടുണ്ട് (10:16–23).

**വാക്യം 12.** അത്തരം ഉപദ്രവങ്ങൾ നേരിടുമ്പോൾ, യേശു പറഞ്ഞു, "**ഉല്ലസിച്ചാനന്ദിപ്പിൻ.**" ലൂക്കൊസ് 6:23 പറയുന്നു, "ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ; നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വലിയത്." ഉപദ്രവം നേരിടുമ്പോൾ സന്തോഷിക്കുക എന്ന ആശയം ഇന്നത്തെ-ശിഷ്യന്മാർക്ക് അപ്രായോഗികമായി തോന്നിയേക്കാം. എന്നാൽ ആദ്യസഭയിൽ അങ്ങനെയായിരുന്നില്ല. "അപ്പൊസ്തലന്മാർ തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ട് ന്യായാധിപസംഘത്തിന്റെ മുമ്പിൽനിന്നു പുറപ്പെട്ടുപോയി" (പ്രവൃത്തികൾ 5:40, 41).

ഉപദ്രവം നേരിടുമ്പോൾ സന്തോഷിച്ചുല്ലസിക്കേണ്ടതിന്റെ കാരണം യേശു മുന്നറിയിച്ചിരിക്കുന്നു: **"സ്വർഗത്തിൽ നിങ്ങളുടെ നിക്ഷേപം വലുതാകുന്നു."** ഉയരത്തിലുള്ള അനുഗ്രഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, താഴെയുള്ള

കഷ്ടതകൾ താൽകാലികവും നിസാരവുമാണ് (2 കൊരി. 4:17).

"സ്വർഗരാജ്യത്തെ" പറഞ്ഞുകൊണ്ടാണ് മനോഗുണങ്ങൾ ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും. ആദ്യത്തെ മനോഗുണത്തിലും അവസാനത്തെ മനോഗുണത്തിലും സ്വർഗത്തെ കുറിച്ചു പറയുന്നു: "സ്വർഗ രാജ്യം" (5:3, 10), "സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം" (5:12).

യേശുവിന്റെ ശിഷ്യന്മാർ നീതിക്കുവേണ്ടി വിശ്വസ്തമായി ഉപദ്രവം സഹിച്ചതിനാൽ, അവർ പഴയനിയമപ്രവാചകന്മാരെ പോലെയായി: **"നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ചെയ്തു.**" പ്രവാചകന്മാർ പഠിപ്പിക്കുവാൻ ശ്രമിച്ച ആളുകൾ, അവർ ദൈവശുശ്രൂഷക്കാരായിരുന്നിട്ടും, അവരെ നിന്ദിക്കുകയും തള്ളിക്കളയുകയും ചെയ്തു (23:31, 34, 37; പ്രവൃത്തികൾ 7:52; എബ്രാ. 11:32–38; യാക്കൊ. 5:10, 11). ഇത്തരത്തിൽ കഷ്ടതയും ഉപദ്രവവും സഹിച്ചവർ ദൈവത്താൽ നീതീകരിക്കപ്പെടും.

## പാഠങ്ങൾ

### ഭാഗ്യത്തെ പിന്തുടരൽ (5:1-12)

ഭാഗ്യം നമ്മിലേക്ക് എങ്ങനെ വരും? നമ്മെ സന്തോഷിപ്പിക്കേണ്ടതു മറ്റുള്ളവരുടെ ഉത്തരവാദിത്തമാണോ? ഉയർന്ന-വരുമാനമുള്ള ജോലി കിട്ടിയാലോ, നല്ല ഒരു വീട് കൈവശമാക്കിയാലോ? ആഗ്രഹിച്ച വസ്ത്രം ലഭിച്ചാലോ, അതുമല്ലെങ്കിൽ സുഖകരമായ ഒരു സമൂഹത്തിൽ ജീവിച്ചാലോ, അല്ലെങ്കിൽ സാമ്പത്തിക ഭദ്രത വന്നാലോ സന്തോഷം ലഭിക്കുമോ? ഇല്ല, അത് അവ ഒന്നിൽനിന്നും വരുന്നില്ല. വാസ്തവത്തിൽ, ഭാഗ്യത്തിനുവേണ്ടിയുള്ള അന്വേഷണം നമ്മെ സന്തോഷത്തിലേക്ക് നയിക്കും (1 തിമൊ. 6:9, 10). സന്തോഷം നമ്മുടെ ഉള്ളിൽനിന്നും വരേണ്ടതാണ്. നിയന്ത്രിക്കപ്പെട്ട സമതുലനാവസ്ഥയിൽ ജീവിക്കുന്ന മനുഷ്യനാണ് വാസ്തവത്തിൽ സന്തോഷിക്കുവാൻ കഴിയുന്നത്. ദൈവത്തോടും, നമുക്ക് ചുറ്റുമുള്ള ദൈവമക്കളോടും നല്ല ബന്ധം പുലർത്തുമ്പോഴാണ് വാസ്തവത്തിലുള്ള സന്തോഷം നമ്മിലുണ്ടാകുന്നത്.

### യേശു പഠിപ്പിച്ചതുപോലെ ആകൽ (5:1-12)

ഹൃദയത്തിന്റേയും മനസിന്റേയും ആന്തരിക തത്വങ്ങളെ കുറിച്ചു വിവരിക്കുന്നതാണ് ആദ്യത്തെ നാല് മനോഗുണങ്ങൾ. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ നാം പ്രദർശിപ്പിക്കേണ്ടവയാണ് അവസാനത്തെ നാലെണ്ണം. ഉദാഹരണത്തിന്, നാം "ആത്മാവിൽ ദരിദ്രരായിരിക്കുമ്പോൾ" (5:3), ദൈവം നമ്മോട് കരുണ കാണിക്കുന്നതു നമുക്ക് തിരിച്ചറിയുവാൻ കഴിയും. അതായത്, തിരിച്ച്, അത് മറ്റുള്ളവരോട് കൂടുതൽ കരുണ കാണിക്കുവാൻ സഹായകരമാകും (5:7). നമ്മുടെ സ്വന്ത പാപങ്ങൾ തിരിച്ചറിയുകയും വാസ്തവത്തിൽ അവയെ ഓർത്തു ദുഃഖിക്കുകയും (5:4) ചെയ്യുമ്പോൾ, കൂടുതൽ ശുദ്ധിയുള്ള ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കും (5:8). സൗമ്യ മനോഭാവം (5:5) സമാധാനത്തിനുള്ള കാര്യങ്ങളിലേക്ക് നമ്മെ നയിക്കും (5:9). നാം വാസ്തവത്തിൽ "നീതിക്കുവേണ്ടി വിശപ്പും ദാഹവുമുള്ളവരാകുമ്പോൾ" (5:6), യേശുവിന്റെ ശിഷ്യന്മാരായി ജീവിക്കുവാൻ കൊടുക്കേണ്ട വില നാം തിരിച്ചറിയും (5:10–12). "ദൈവഭക്തിയോടെ ജീവിക്കുവാൻ ശ്രമിക്കുന്നവർക്കെല്ലാം ഉപദ്രവം ഉണ്ടാകും" എന്നാണ് പൗലൊസ് പറഞ്ഞത് (2 തിമൊ. 3:12).

മനോഗുണങ്ങളെ കുറിച്ച് നാല് പ്രധാനപ്പെട്ട സത്യങ്ങൾ ഡി. മാർട്ടിൻ ലോയ്ഡ്-ജോൺസ് പറഞ്ഞു:[35] (1) ഓരോ ക്രിസ്ത്യാനിയും എങ്ങനെ ജീവിക്കണമെന്ന് അവ വിവരിക്കുന്നു. (2) അവ ഓരോ ക്രിസ്ത്യാനിയും സ്വായത്തമാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. (3) സ്വാഭാവികമായി നാം കരുതുന്നതുപോലെ ഉണ്ടാകുന്നതല്ല അവ; അസ്വാഭാവികമായി നാം ആർജിച്ചെടുക്കേണ്ടവയാണ് അവ ഓരോന്നും. (4) ലോകത്തിനും അതിന്റെ മോഹത്തിനും അതീതമായി നമുക്കു ചുറ്റുമുള്ളവരിൽനിന്നും വ്യത്യസ്തമായി ജീവിക്കുവാൻ അവ നമ്മെ പഠിപ്പിക്കുന്നു.

ഇന്ന് വളരെയധികം ക്രിസ്ത്യാനികൾ, കർത്താവിന്റെ സഭയുടെ പല ഇടവകകളിലും, ലോകത്തിലെ പരിതസ്ഥിതിയോട് ഇണങ്ങിച്ചേരുവാനും, നമുക്ക് ചുറ്റുമുള്ളവരോട് വിട്ടുവീഴ്ച്ച ചെയ്യുവാനും ശ്രമിക്കുന്നുണ്ട്. അങ്ങനെ ചെയ്യുന്നതിനു പകരം അവർ ദൈവത്തിനായി നിൽക്കേണ്ടവരാണ് എന്നു ഓർപ്പിക്കുന്നു (യാക്കോ. 4:4; 1 യോഹ. 2:15–17). ലോകം സഭയിലേക്ക് വരുവാൻ നാം അനുവദിക്കുകയും, സഭ കൂടുതലും ലോകത്തെപോലെയാകുവാൻ ശ്രമിക്കുകയും ചെയ്തേക്കാം. തന്റെ ശിഷ്യന്മാർ ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും, അവർ "ലോകത്തിനുള്ളവരാകുവാൻ" യേശു ആഗ്രഹിച്ചില്ല (യോഹ 17:15–17).

### ഒരു ക്രിസ്ത്യാനിയുടെ ജീവിതം (5:1-12)

താഴെ കൊടുത്തിരിക്കുന്ന സമാന്തരപ്രയോഗങ്ങൾ ഉപയോഗിച്ച് മനോഗുണങ്ങളെ വികസിപ്പിച്ച് ഒരു പാഠം തയ്യാറാക്കാവുന്നതാണ്:

1. നമ്മുടെ വിഭവങ്ങളുടെ അപര്യാപ്തതയെ തിരിച്ചറിയുക.
2. നമ്മുടെ പാപങ്ങൾ ദൈവ ഹൃദയത്തെ ഭേദിക്കും എന്നു തിരിച്ചറിയുക.
3. ദൈവത്തിന് പൂർണമായും സമർപ്പിക്കുക.
4. ആത്മീയ ആഹാരത്തിനായി താല്പര്യപ്പെടുക.
5. കരുണ കാണിക്കുവാൻ ഓർമിക്കുക.
6. ഹൃദയ ശുദ്ധിയുള്ളവരായിരിക്കുക.
7. സമാധാനമുണ്ടാക്കുവാൻ ശ്രമിക്കുക.
8. ഉപദ്രവം വരുമ്പോൾ സന്തോഷിക്കുക.

### കരയുന്നവർക്ക് ആശ്വാസം ലഭിക്കും (5:4)

പാപത്തിന്റെ ഘനം നമ്മെ വിഷമിപ്പിക്കുമ്പോൾ നമുക്ക് താങ്ങുവാൻ കഴിയാത്ത ഭാരമായി തീരും (സങ്കീ. 38:4; 51:3), യേശുവിന് ആ ഭാരം നമ്മിൽ നിന്ന് ഏറ്റെടുക്കുവാൻ കഴിയും (മത്താ 11:28–30). അനുസരണമുള്ള വിശ്വാസത്താൽ അവൻ തരുന്ന രക്ഷ നാം സ്വീകരിക്കുമ്പോൾ, നമ്മിൽ ആത്മീയമായ ആശ്വാസം വർദ്ധിക്കും. നമുക്ക് "ആശ്വാസം ലഭിക്കും," എന്നാണ് യേശു പറഞ്ഞത്. "അതുകൊണ്ട്, ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് യാതൊരു ശിക്ഷാവിധിയുമില്ല" എന്നു പൗലോസ് പറഞ്ഞിരിക്കുന്നു (റോമ 8:1). വിശ്വാസം, മാനസാന്തരം, സ്നാനം എന്നിവ ഒരാൾ സ്വീകരിക്കുമ്പോൾ, അയാളുടെ പാപങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുന്നതുകൊണ്ട്, അയാൾക്ക് വലിയ ആശ്വാസവും വിടുതലും ലഭിക്കുന്നു. നാം വചന വെളിച്ചത്തിൽ നടക്കുകയും തുടർച്ചയായി നമ്മുടെ പാപങ്ങൾ അവനോട്

ഏറ്റുപറകയും ചെയ്യുമ്പോൾ, ആ അനുഗ്രഹം തുടർച്ചയായി നമുക്ക് അനുഭവിക്കുവാൻ കഴിയും (1 യോഹ 1:7-10).

**നീതിക്കു വേണ്ടി വിശപ്പും ദാഹവും ഉണ്ടാകൽ (5:6)**

രക്ഷിക്കപ്പെട്ടവരിൽ ദൈവ കൃപയാൽ നൽകുന്ന ദാനമായിട്ടാണ് "നീതി" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (2 കൊരി 5:21). വിശ്വാസത്തിൽ, നാം ക്രിസ്തുവിന്റെ കല്പനയായ സ്നാനം ഏൽക്കുമ്പോൾ, ദൈവം നമ്മെ "നീതിമാന്മാർ" ആയി പ്രഖ്യാപിക്കുന്നു (റോമ. 3:21-26; 6:3, 4, 17, 18). ക്രിസ്തുവിന്റെ യാഗം സ്വീകരിക്കുന്നതനുസരിച്ച് ദൈവം രണ്ടു കാര്യങ്ങൾ നമ്മിൽ ചെയ്യുന്നു: നമുക്കെതിരായ ശിക്ഷ ഒഴിവാക്കി ക്ഷമിക്കും, അവൻ "പ്രവൃത്തികൾ കൂടാതെ" നമ്മിൽ "നീതി കണക്കിടുന്നു" (റോമ. 4:5-9).

ദൈവ കല്പന പ്രമാണിക്കുന്നത് "നീതി" എന്നു പറഞ്ഞിരിക്കുന്നു(5:10; 6:1; ലൂക്കോ. 1:6; 2 തിമൊ 3:16; എബ്രാ. 12:11). "നീതി" ക്കുവേണ്ടി കാംക്ഷിക്കുക എന്നതാണ് ആത്മീയ ജീവിതത്തിന്റെ അടയാളം. "ക്രിസ്ത്യാനികളായ നമുക്ക് ആ ആത്മീയ കാംഷ ഇല്ലെങ്കിൽ, നാം ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിൽനിന്ന് കുറഞ്ഞുപോകും. നന്മ നേടുന്നവർക്കു മാത്രമാണ് അനുഗ്രഹമെങ്കിൽ, നമ്മിൽ ആരും അനുഗ്രഹിക്കപ്പെടുകയില്ല പകരം അത് വരുന്നത്, ഒരാൾ തെറ്റുചെയ്താലും, അയാൾ നന്മക്കുവേണ്ടിയുള്ള സ്നേഹം കാത്തുകൊള്ളുമ്പോഴാണ്."[36]

ഏതാനും സമയത്തേക്ക് നാം ആഹാരവും വെള്ളവും വർജ്ജിച്ചിട്ട് ആത്മീയമായി നമുക്ക് വിശപ്പും ദാഹവും ഉണ്ടാകുമ്പോൾ മാത്രമാണ് ദൈവ വചനത്താൽ നാം നിറയപ്പെടുന്നത്. ശരീരം നശിച്ചുപോകയും ആത്മാവ് നിത്യമായിരിക്കയും ചെയ്യുന്നതുകൊണ്ട്, വയറു നിറക്കുന്നതിനേക്കാൾ പ്രാന്യം ആത്മീയ വിശപ്പ് ശമിപ്പിക്കുന്നതിനാണ്.

**ദൈവത്തെ കാണൽ (5:8)**

നാം ആഗ്രഹിക്കുന്നതാണ് കാണുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. ഒരു വിശ്വാസി ആകാശത്തെ കാണുന്നത് ദൈവത്തിന്റെ കൈവേലയായിട്ടാണ് (സങ്കീ. 19:1). എന്നാൽ ഒരു നിരീശ്വരവാദി കാണുന്നത് നിശ്ചയമില്ലാത്ത കറുത്ത ആകാശമായിട്ടാണ്. പുഷ്പങ്ങളെ ഇഷ്ടപ്പെടുന്ന ഒരാൾ അതിന്റെ സുഗന്ധത്തേയും ഭംഗിയേയും കാണും. എന്നാൽ പരിശീലനം ലഭിച്ച സസ്യശാസ്ത്രജ്ഞൻ അതിനെ അതിന്റെ ജീവശാസ്ത്ര പേരിൽ വിളിക്കയും അതിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യും. ഒരു കലാ രൂപത്തെ, ഒരു കലാ ആസ്വദകൻ കാണുന്നത് നല്ല ഒരു മാസ്റ്റർ പീസായിട്ടായിരിക്കും, പക്ഷെ കലയെക്കുറിച്ച് ഒന്നും അറിയാത്തയാൾ, അതിനെ നിറങ്ങളും ആകൃതിയുമായിട്ടാണ് നിത്യതയിൽ, ദൈവം ആയിരിക്കുന്നതുപോലെ അതിനെ കാണുന്നതാണ് അന്തിമമായ സന്തോഷം, എന്നാൽ ലളിതമായ കാര്യങ്ങളിൽ അവനെ കാണുന്നത് നമ്മുടെ ജീവിത യാത്രയിൽ കൂടുതൽ പ്രതിഫലം നൽകുന്നതാണ്. നമുക്കു ചുറ്റും ദൈവത്തിന്റെ കൈവേലയെ നമുക്കു കാണുവാൻ കഴിയും (റോമ 1:20) നമ്മുടെ ജീവിതത്തിൽ കരുണാധിക്യപ്രകാരമുള്ള അവന്റെ പ്രവൃത്തികളും കാണാം (റോമ 8:28).

**വാസ്തവത്തിൽ സാമാധാനം ഉണ്ടാക്കുന്നവർ (5:9)**

ഒന്നുകിൽ സമാധാനം ഉണ്ടാക്കുവാൻ അല്ലെങ്കിൽ കുഴപ്പമുണ്ടാക്കുവാനുള്ള കഴിവ് നമുക്കുണ്ട് സമാധാനം വേണമെന്നു പറയുന്ന ഏവരും യഥാർത്ഥത്തിൽ സമാധാനം ഉണ്ടാക്കുന്നവരല്ല. സമാധാനം വേണമെന്നു പറയുന്ന പലരും തിരഞ്ഞെടുക്കുന്നത് പോരാട്ടവഴിയാണ്. യേശു സംസാരിച്ചത് നിഷ്ക്രീയമായ സമാധാനത്തെക്കുറിച്ചല്ല മറിച്ച് ക്രിയാത്മകമായി സമാധാനം ഉണ്ടാക്കുന്നതിനെകുറിച്ചാണ്. നാം കുഴപ്പമുണ്ടാക്കുന്നവരായിട്ടല്ല സമാധാനം ഉണ്ടാക്കുന്നവർ ആകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

ഒരു പക്ഷെ, ഒരിക്കലും ഈ ആധുനിക ലോകത്തായിരിക്കുമ്പോൾ ആ മനോഗുണസന്ദേശം അപ്രായോഗികം എന്നു ചിന്തിച്ചേക്കാം: "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ" (5:9). എന്തുകൊണ്ടാണ് തുടർച്ചയായ യുദ്ധഭീഷണിയും, സന്തോഷരാഹിത്യവും കുഴപ്പങ്ങളും, മനുഷ്യർക്കിടയിൽ കലക്കവും? ഈ മനോഗുണമനുസരിച്ച്, ഈ ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളു - പാപം. നമ്മുടെ എല്ലാ കുഴപ്പങ്ങൾക്കും കാരണം, മനുഷ്യന്റെ മോഹം അത്യാഗ്രഹം, സ്വാർത്ഥത, സ്വയ - കേന്ദ്രീകൃത സ്വഭാവം എന്നിവയാണ്; അതാണ് എല്ലാ കുഴപ്പങ്ങളുടേയും ഫിന്നതകളുടേയും കാരണം, അത് വ്യക്തികൾ തമ്മിലായാലും ദേശത്തിനുള്ളിലെ സംഘങ്ങൾക്കിടയിലായാലും, അല്ലെങ്കിൽ ദേശങ്ങൾ തമ്മിലായാലും ശരിയാണ്. മനുഷ്യനെ കുറിച്ചും പാപത്തെകുറിച്ചും ഉള്ള പുതിയ നിയമ ഉപദേശം സ്വീകരിക്കാതെ നമുക്ക് ആധുനിക ലോകത്തിന്റെ കുഴപ്പം മനസിലാക്കുവാൻ പ്രയാസം.

"സമാധാനത്തിനായുള്ള വഴി പിന്തുടരുവാനാണ്" ദൈവമക്കളെ അവൻ വിളിച്ചിരിക്കുന്നത് (റോമ 14:19). സാദ്ധ്യമെങ്കിൽ, വിശ്വാസികൾ "സകല മനുഷ്യരോടും" സമാധാനം ആചരിക്കണം (റോമ 12:18). ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരാളുടെ ജീവിതത്തിൽ ഉളവാക്കുന്ന ഫലമാണ് "സമാധാനം" (ഗലാ. 5:22). പൗലോസ് എഫേസ്യാ സഭയെ പ്രബോധിപ്പിച്ചിരിക്കുന്നത് "ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാത്തുകൊള്ളുവാനാണ്" (എഫേ. 4:3).

യേശുവിന്റെ പ്രസ്താവനയിൽ ആന്തരിക സമാധാനവും ദൈവത്തോടുള്ള സമാധാനവും ഉൾപ്പെടുത്തിയിരിക്കുന്നു. യെശയ്യാവ് പറഞ്ഞു, "ദുഷ്ടന്മാർക്ക് സമാധാനമില്ല" (യെശ. 48:22). പാപം ക്ഷമിച്ചു കിട്ടി നമ്മുടെ സൃഷ്ടികർത്താവിനോട് നിരപ്പുപ്രാപിക്കാതെ നമുക്ക് സമാധാനം ഉണ്ടാകുക അസാദ്ധ്യമാണ്. സുവിശേഷം അനുസരിച്ചു കഴിഞ്ഞാൽ, നമ്മുടെ സകല ചിന്താകുലങ്ങളും പ്രാർത്ഥനയിൽ ദൈവത്തോട് സമർപ്പിച്ചാൽ "സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം നമ്മിലുണ്ടാകും" (ഫിലി. 4:6, 7).

**ഉപദ്രവത്തിന്റെ വസ്തുതകൾ (5:10-12)**

പൗലോസ് പറഞ്ഞു "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊ. 3:12; യോഹ. 15:20; 1 തെസ്സ. 3:3, 4). ക്രിസ്ത്യാനികൾക്കെതിരായി ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ ഉപദ്രവങ്ങളെ കുറിച്ച് യേശു മത്തായി 5:10, 11-ൽ പറഞ്ഞിരിക്കുന്നു.

*ക്രിസ്ത്യാനികൾ ശാരീരികമായി ഉപദ്രവിക്കപ്പെട്ടേക്കാം.* പ്രാരംഭ ക്രിസ്ത്യാനികളിൽ പലരെയും ക്രൂശിൽ തറെച്ചു കൊന്നു, വിറകു കൂട്ടിയിട്ടു കത്തിച്ചു കളഞ്ഞു, പരസ്യമായി റോമൻ പ്രവിശ്യകളിലെ വന്യമൃഗങ്ങൾക്ക്

മുൻപിലേക്ക് ജീവനോടെ എറിഞ്ഞു കൊടുക്കുകയും, രാത്രിയിൽ വെളിച്ച ത്തിനായി ക്രിസ്ത്യാനികളെ കൂട്ടിയിട്ടു കത്തിക്കുകയും ചെയ്തു.[37]

*ക്രിസ്ത്യാനികൾ "നിന്ദിക്കപ്പെട്ടേക്കാം."* നാം നീതിയുള്ള ജീവിതം നയിക്കുകയാണെങ്കിൽ, ലോകപ്രകാരം ജീവിക്കുന്നവരിൽനിന്നു നമുക്ക് പരിഹാസവും ഉപദ്രവവുമുണ്ടാകും (യോഹ. 15:18–20).

*ക്രിസ്ത്യാനികളെ കുറിച്ച് തിന്മകൾ കളവായി പറഞ്ഞേക്കാം.* ക്രിസ്ത്യാനികളോട് നേരിട്ട് പറയാതെ അവരെ കുറിച്ചുള്ള തിന്മകൾ മറ്റുള്ളവരോട് പറഞ്ഞു പരത്തും. പരസ്യമായ ആക്രമണം നമ്മെ വേദനിപ്പിക്കുന്നതുപോലെ തന്നെ, അവ പ്രതിരോധിക്കേണ്ട ചുമതല നമ്മിൽ വന്നു ചേരുന്നു. "പുറകിൽ നടക്കുന്ന ആക്രമണത്തെ" കുറിച്ച് നാം അറിയുന്നതുവരെ അതു നമ്മുടെ ബഹുമതിയെ അധികം ബാധിക്കുകയില്ല.

ഉപദ്രവത്തോട് നാം എങ്ങനെ പ്രതികരിക്കും? യേശു പറഞ്ഞു, "ഉല്ലസിച്ചാനന്ദിപ്പിൻ" (5:12). "ആ കെണി സഹിക്കുവാനല്ല" അവൻ അർത്ഥമാക്കിയത്, പിന്നെയോ സന്തോഷിക്കുവാനുള്ള കാരണവും അവൻ പറയുന്നു: "സ്വർഗത്തിൽ നമ്മുടെ പ്രതിഫലം വലുതാകുന്നു," എന്നാൽ നമ്മുടെ എല്ലാ പ്രതിഫലങ്ങളും ഭാവിയിൽ ലഭിക്കുവാനുള്ളതല്ല (മർക്കൊ. 10:29, 30). ഇപ്പോൾ നമുക്ക് ക്രിസ്തുവിൽ സമൃദ്ധമായ ജീവനും ആത്മിയമായ അനുഗ്രഹങ്ങളും ഉണ്ട് (യോഹ. 10:10; എഫെ. 1:3).

**ഉപദ്രവം (5:10-12)**

നമ്മുടെ ബുദ്ധിക്കുറവുകൊണ്ടും, ബുദ്ധിയില്ലായ്മകൊണ്ടും, അബദ്ധങ്ങൾ നിമിത്തം നാം കഷ്ടത അനുഭവിക്കാറുണ്ട്. ചിലർ തങ്ങളുടെ ഭൗമിക ജീവിതത്തിലെ തിന്മകളുടെ അനന്തരഫലമായി കഷ്ടത വരുമ്പോൾ, വിശ്വാസം നിമിത്തമാണ് കഷ്ടത എന്നു ധരിപ്പിക്കും (1 പത്രൊ. 4:14–16). അത്തരം ആളുകൾ രക്തസാക്ഷികളാണെന്ന രീതിയിൽ പെരുമാറും. അത്തരം "ഇരകളുടെ" പെരുമാറ്റം തന്നെ ചിലർക്ക് ഉപദ്രവകരമായി തീരും. അത്തരം വ്യക്തികളെ കുറിച്ച് റോബിൻസൺ പറഞ്ഞു, "അവർ വളരെ തീഷ്ണതയുള്ളവരാണ്, അവർ ഒരുപക്ഷെ പോക്കറ്റിൽനിന്നു പുറത്തു കടക്കാത്ത മതവുമായി ബന്ധപ്പെട്ടവരാകാം. തങ്ങൾ ക്രൂശിന്റെ ഞെരുക്കത്തിലാണെന്ന് അവർ ചിന്തിച്ചേക്കാം, പക്ഷെ അവർ ഇടർച്ച വരുത്തുന്നവരാണ്."[38]

നാം മറ്റുള്ളവർക്ക് സംസാരത്തിൽ, വസ്ത്രധാരണത്തിൽ, പെരുമാറ്റത്തിൽ ഇടർച്ച വരുത്താതെ സൂക്ഷിക്കണം. നാം ആ വിധത്തിൽ പെരുമാറി, മറ്റുള്ളവർക്ക് ഇടർച്ച വരുത്തിയാൽ, നമ്മെ അവർ മോശക്കാരായി കണ്ട് തള്ളിക്കളയും. അവർ നമ്മെ ഉപദ്രവിക്കുന്നില്ല. മറിച്ച് നാം കഷ്ടപ്പെടുന്നത് നമ്മുടെ ശരിയല്ലാത്ത സ്വഭാവം നിമിത്തമാണ്. അത്തരം സാഹചര്യങ്ങളിലുള്ളവർ അനുഗ്രഹിക്കപ്പെടും എന്നല്ല യേശു പറഞ്ഞത്.

---

കുറിപ്പുകൾ

[1]ആർ ടി ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യു*, ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 106–7. [2]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു

എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 95. [3]ഡൊണാൾഡ് എ. ഹാഗ്നെർ, *മാത്യു 1-13,* വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം 33എ (ഡള്ളാസ്: വേർഡ് ബുക്സ്, 1993), 84. [4]രണ്ടു പ്രസംഗങ്ങളുടേയും ഒരേ ക്രമത്തിന്, ജി എൻ. സ്റ്റാൻഡന്റെ ചാർട്ട് നോക്കുക, "സെർമൺ ഓൺ ദ മൗണ്/പ്ലെയിൻ," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട്, മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 736. [5]ജാക് പി. ലൂയിസ്, *ദ ഗോസ്പെൽ ഏക്കോർഡിങ് ടു മാത്യു,* പോർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1976), 78. [6]മത്താ. 5: 14, 17, 19–24, 27–31, 33–38, 41, 43, 45, 47; 6:1–8, 14–18; 7:6, 12, 15, 22, 23. [7]"ലോകത്തിലുള്ള ഒരു മനുഷ്യനിൽനിന്നും" "വാസ്തവത്തിലുള്ള ഒരു ശിഷ്യന്റെ" മനോഭാവം വ്യത്യസ്തമാക്കുന്നതാണ് മനോഗുണങ്ങൾ എന്ന് ആർ ടി.ഫ്രാൻസ് പറഞ്ഞു (ഫ്രാൻസ് 109). [8]ഫ്രാങ്ക് എൽ. കോക്സ്, *സെർമൺ നോട്ട്സ് ഓൺ ദ സെർമൺ ഓൺ ദ മൗണ്ട്* (നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1955), 7. [9]യേശുവിനെ പിൻപറ്റിയ അനേകർ "ശിഷ്യന്മാർ" എന്ന പേരിലാണ് അറിയപ്പെടുന്നത്, എന്നാൽ അവർ അവനെ അനുഗമിച്ച കാരണങ്ങളും സമർപ്പണവും വ്യത്യസ്തമാണ്. അവനെ പിൻപറ്റുന്നതായി വെറുതെ അവകാശപ്പെടുന്നവർ അധികം കഴിയുന്നതിനു മുൻപ് പിൻതിരിയും (യോഹ. 6:66–68). [10]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 35.

[11]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു, വാല്യം*, 1, 2 ൻഡ് എഡി., ദ ഡെയ്ലി സ്റ്റഡി ബൈബിൾ (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1958), 79. [12]സങ്കീ. 14:4–6; 22:26; 34:6; 35:10; 37:14, 15; 40:17; 82:2, 3; 86:1, 2; 112:9; 113:7; 140:12, 13. [13]ഹാഗ്നെർ, 91. [14]വില്യം ബാർക്ലേ, *ഏ ന്യൂടെസ്റ്റമെന്റ് വേർഡ് ബുക്ക്* (ന്യൂയോർക്ക്.: ഹാർപ്പർ & ബ്രദേഴ്സ്, എൻ. ഡി.), 104. [15]ബാർക്ലേ, *മാത്യു,* 93. [16]ഇബിഡ്. [17]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബ്ലിക്കൽ കമെന്റ റി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 39. [18]ഇബിഡ്. [19]ജെയിംസ് മെക്ഗിൽ, "ബ്ലെസ്ഡ് ആർ ദ മീക്ക്," *സ്പിരിച്ചൽ സ്വോഡ് ലെക്ച്ചേഴ്സ്* (1982); 32. [20]ഹാഗ്നെർ, 93.

[21]മോറിസ്, 99. [22]ജോൺ മാക് ആർദർ, ജൂനിയർ., *ദ മാക് ആർദർ ന്യൂടെസ്റ്റമെന്റ് കമെന്ററി: മാത്യു 1-7* (ഷിക്കാഗോ: മൂഡി പ്രസ്, 1985), 178. [23]"പുരുഷത്വം" "ഗുണം" എന്നിവക്ക് പുരാതന റോം ഊന്നൽ കൊടുത്തിരുന്നു. അത് ആദ്യം ഗ്രീസിൽ ആരംഭിക്കുകയും പിന്നീട് രണ്ട് ഗ്രീക്ക് തത്വചിന്തകന്മാർ അത് റോമിൽ പ്രചരിപ്പിക്കുകയും ചെയ്തു, പനേറ്റിയസും (ബി. സി. 185–110) പോസിഡോണിയസും (ബി. സി. 135–51). പിന്നീട് വന്ന ഗ്രീക്ക് എഴുത്തുകാരൻ, ഡയോജെനസ് പറഞ്ഞു, "ദയ" അല്ലെങ്കിൽ "കരുണ" എന്നിവ ആത്മാവിൽനിന്നു വരുന്ന ഭാവങ്ങളാണ്. (ഡയോജെനെസ് ലെർടിയസ് *ലൈവ്സ് ഓഫ് എമിനെന്റ് ഫിലോസെഫേഴ്സ്* 7.115.). [24]താൽമൂദ് *ഷാബാത്ത്.* 151 ബി. [25]റോബർട്ട് എച്ച്. ഗൺഡ്രി, മാത്യു: *ഏ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 71. [26]മാക് ആർദർ, 191. [27]ഹാഡോൺ ഡബ്ലിയു റോബിൻസൺ, *ദ ക്രിസ്ത്യൻ സാൾട്ട് ആന്റ് ലൈറ്റ് കമ്പനി.* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡിസ്ക്കവറി ഹൗസ് പബ്ലിഷേഴ്സ്, 1988), 65. [28]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി,* വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്*എഡി., ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 35. [29]ലേവിസ്, 83. [30]ഹെയർ, 42.

[31]ഹാഗ്നെർ 94. [32]ബാർക്ലേ, *മാത്യു*, 104. [33]സമതലപ്രദേശത്തു നടത്തിയ പ്ര

സംഗത്തിലെ നാല് മനോഗുണങ്ങളും രണ്ടാം വ്യക്തിയിലാണ് ഉപയോഗിച്ചത് (ലൂക്കൊ. 6:20–23). [34]ഹാഗെനർ, 94. [35]ഡി. മാർട്ടിൻ ലോയ്ഡ്-ജോൺസ്, *സ്റ്റഡീസ് ഇൻ ദ സെർമൺ ഓൺ ദ മൗണ്ട്*, വാല്യം, 1 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 32–39. [36]പാറ്റ് ഓട്ട്, "ആറ്റിറ്റ്യൂഡ്സ് ഫ്രം ദ ബിയാറ്റിറ്റ്യൂഡ്സ്," *ക്രിസ്ത്യൻ വുമൺ* (ജാനുവരി/ഫെബ്രുവരി 1986), 33. [37]നോക്കുക, വില്യം ബൈറോൺ ഫോർബുഷ്, എഡി., *ഫോക്സസ് ബുക്ക് ഓഫ് മാർട്ടിർ* (ഫിലദെൽഫിയ: യൂണിവേഴ്സൽ ബുക്ക് ആന്റ് ബൈബിൾ ഹൗസ്, 1926). [38]റോബിൻസൺ, 89.